പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## പത്തൊൻപതാമത് റിപ്പോർട്ട്

(കേരളത്തിലെ പാറക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം
സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പരിസ്ഥിതി
സംബന്ധിച്ച സമിതി (2019-2021) യുടെ
പ്രത്യേക റിപ്പോർട്ട്)

(2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## പത്തൊൻപതാമത് റിപ്പോർട്ട്

(കേരളത്തിലെ പാറക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതി (2019-2021) യുടെ പ്രത്യേക റിപ്പോർട്ട്)

(2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

703/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| അവതാരിക | : | vii |
| ആമുഖം | : | ix |
| റിപ്പോർട്ട് | : | 1 |
| സമിതിയുടെ ശിപാർശകൾ | : | 27 |

## പരിസ്ഥിതി സംബന്ധിച്ച സമിതി (2019-2021)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മുല്ലക്കര രത്നാകരൻ

അംഗങ്ങൾ :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി. എസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

## അവതാരിക

കേരളത്തിലെ പാറക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് സമിതിക്ക് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ഇക്കാര്യം സമിതി പ്രത്യേക പഠനത്തിന് വിധേയമാക്കുകയുണ്ടായി. സമിതി നടത്തിയ തെളിവെടുപ്പ് യോഗങ്ങളുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ട് 2020 ജൂലൈ മാസം 21 ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 ജൂലൈ 21.

## ആമുഖം

പ്രകൃതിയുടെ അവസാന കൃതി മനുഷ്യനാണ്. അവസാന കൃതി എന്ന നിലയിൽ പ്രകൃതിയുടെ സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. മറ്റ് സൃഷ്ടികളെ അപേക്ഷിച്ച് പല പടവുകൾ കടന്ന് വളരാനുള്ള കരുത്തും ബുദ്ധിയും പ്രകൃതി മനുഷ്യന് നൽകിയിട്ടുണ്ട്. മറ്റ് ജീവികളെല്ലാം പ്രകൃതിയെ അനുസരിച്ചും അംഗീകരിച്ചുമാണ് മുന്നോട്ട് പോയത്. ഒട്ടും അനുസരിക്കാതെയും പ്രകൃതിയെത്തന്നെ കീഴടക്കാനുള്ള മോഹം വല്ലാതെ പ്രകടിപ്പിച്ചും പ്രകൃതിയോടേറ്റുമുട്ടിയ ഏക ജീവിയാണ് മനുഷ്യൻ. പരിസ്ഥിതിയെ കുറിച്ചുള്ള പരമാവധി ബോധം ഉണ്ടാവേണ്ട വിശിഷ്ട സൃഷ്ടിയായ മനുഷ്യന്, ആധുനികകാലത്ത് പരിമിതമായ അളവിൽ പോലും അതിനെ അംഗീകരിക്കാനും ആദരിക്കാനും അനുസരിക്കാനും തീർത്തും കഴിയാതെ പോയി. പ്രത്യേകിച്ച് മനുഷ്യരിലെ വരേണ്യ വിഭാഗവും അധികാര വർഗ്ഗവും പ്രകൃതിയെ തീർത്തും അവഗണിക്കുകയാണുണ്ടായത്.

മലയ്ക്ക് നിവർന്ന് നിൽക്കാനും കടലിന് ഉലയാനും പുഴയ്ക്ക് ഒഴുകാനുമുള്ള അവകാശമുണ്ടെന്നും പ്രകൃതിയിലെ എല്ലാ ജീവികൾക്കും അതിന്റെ സ്വാഭാവികമായ ജീവിതം പുലർത്തി മുന്നോട്ട് പോകാനുള്ള അവകാശം ഉണ്ടെന്നും മനുഷ്യന് അംഗീകരിക്കാൻ പ്രയാസമായി വന്നു. അതിന്റെ പരിണിത ഫലമായാണ് ലോകത്ത് കാലാവസ്ഥാ വ്യതിയാനവും അതുയർത്തുന്ന പല ഭീഷണികളും നിമിത്തം മനുഷ്യജീവിതം പലയിടത്തും ദുരന്തപൂർണ്ണമായ അവസ്ഥയിൽ എത്തിച്ചേർന്നത്.

മരം ഒരു വരമാണ്. കവികൾ പറയുന്നത് പോലെ ഒരു മരം അതിന്റെ താഴെ വീഴുന്ന മനുഷ്യ മലത്തെ അതിന്റെ ദുർഗന്ധം മാറ്റി മധുരമുള്ള പഴമായി തിരിച്ച് തരുന്നുണ്ട്. ഇത് മണ്ണിൽ നിൽക്കുന്ന മരത്തിന് മാത്രം കഴിയുന്ന കാര്യമാണ്. പ്രകൃതി മാലിന്യത്തെ പഴമാക്കി തരികയും അതിൽ മധുരം നിറച്ച് തരികയും ചെയ്യുന്നു. മണ്ണ് നമ്മൾ കൊടുക്കുന്ന ദുർഗന്ധം സുഗന്ധമാക്കി തരികയും നമ്മൾ കൊടുക്കുന്ന പാഴ് വസ്തുക്കളിൽ നിന്ന് പൂക്കളിൽ തേൻ നിറച്ച് തരികയും ചെയ്യുന്നു. അങ്ങനെ മണ്ണും മരവും പ്രകൃതിയും മനുഷ്യ ജീവിതത്തിന്റെ എല്ലാ അർത്ഥത്തിലുമുള്ള നാഥനും കാവലുമാണ്.

മനുഷ്യൻ പ്രകൃതി സാക്ഷരത മനസിലാക്കേണ്ടതാണ്. ആധുനിക സാക്ഷരതയും പ്രകൃതി സാക്ഷരതയും രണ്ടാണ്. ഒരു തുമ്പിക്കും പക്ഷിക്കും പാമ്പിനുമുള്ളത് പ്രകൃതി സാക്ഷരതയാണ്. മനുഷ്യനില്ലാതെ പോയതും അതാണ്. പ്രകൃതി സാക്ഷരത മനുഷ്യനിലേക്ക് സന്നിവേശിപ്പിക്കാനുള്ള ശ്രമങ്ങളാണ് ലോകത്തിലെ പരിസ്ഥിതി പ്രവർത്തകരും പ്രകൃതിയെ അറിയുന്നവരും നടത്തുന്നത്. പക്ഷേ അതിനോട് പങ്ക്ചേരാൻ ആധുനിക മനുഷ്യന് ഇപ്പോഴും കഴിയുന്നില്ല. അത്തരം അറിവിലേക്ക് മനുഷ്യൻ എത്തേണ്ട കാലമാണിത്. നഗരങ്ങളിൽ ജീവിക്കാൻ പറ്റാതെ മനുഷ്യൻ പണ്ടൊക്കെ ആണെങ്കിലും മടിയോടെയാണെങ്കിലും വീട്ടിലേക്ക് തിരിച്ച് കയറിയ കാലമാണ് കൊറോണക്കാലം. അങ്ങനെ പ്രകൃതിയിലേക്ക് തന്നെ മടങ്ങാനും പ്രകൃതിയെ വണങ്ങാനും ഇണങ്ങി ജീവിക്കാനും ആധുനിക മനുഷ്യനും പഠിക്കുമ്പോൾ പണ്ടൊക്കെയാണെങ്കിലും എല്ലാ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു പുതിയ വഴി കണ്ടെത്താനാകും. ആ വഴി പ്രകൃതി കാട്ടി തരുന്നുണ്ട്. അതിലൂടെ നടക്കാനുള്ള വിനയവും വിവേകവും മനുഷ്യന് ഉണ്ടായാൽ മതി. പ്രകൃതിയെ വണങ്ങിയും ഇണങ്ങിയും ജീവിക്കാനുള്ള വിനയവും വിവേകവും മനുഷ്യന് ഉണ്ടാകേണ്ട കാലമാണിത്.

783/2020 -

## റിപ്പോർട്ട്

ശിലായുഗത്തിൽ തുടങ്ങിയതായി കരുതപ്പെടുന്ന പാറയുടെ ഉപയോഗം ഇന്നും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കയാണ്. മാനവരാശിയുടെ നിലനിൽപ്പിനുതന്നെ അനിവാര്യഘടകമായി മാറിയ പാറയുടെ ശേഷിപ്പ് ഇന്ന് അപകടകരമാംവിധം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന വസ്തുത നാം തിരിച്ചറിയേണ്ടതാണ്. അശാസ്ത്രീയവും മുൻവിധിയില്ലാതെയുമുള്ള പാറഖനനം പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തന്നെ വളരെയധികം പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ് എന്ന സത്യം തിരിച്ചറിയുന്നുണ്ടെങ്കിലും ഈ വിഷയത്തിൽ കാര്യമായ ഇടപെടൽ നടത്താനോ പരിഹാരം കാണാനോ മാനവരാശിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രകൃതിവിഭവം എന്ന നിലയിൽ പാറയുടെ ഉപയോഗം വളരെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ട ഒന്നാണെന്നുള്ള വസ്തുത എല്ലാപേരും തിരിച്ചറിയേണ്ടതുണ്ട്. പഞ്ചായത്തുതല വികസനത്തിനായി പാറകളും കുന്നുകളും ഇടിച്ചുനിരത്തുമ്പോൾ അവ വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്നും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് അവ അനിവാര്യമാണെന്നുമുള്ള വസ്തുത നാം വിസ്മരിച്ചുകൂട. പശ്ചിമഘട്ട മലനിരകളുടെ നല്ലൊരു ഭാഗവും നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്നുവെന്ന കാരണത്താൽ തന്നെ പ്രകൃതിയിലെ സസ്യ-ജന്തു-ജീവജാല വൈവിധ്യങ്ങളുടെ കലവറ എന്ന നിലയിൽ അതിനെ സംരക്ഷിച്ചുനിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വം നമുക്കുണ്ട്.

സമിതിക്കു ലഭിക്കുന്ന പരാതികളിൽ നാല്പത് ശതമാനത്തിലധികവും ക്വാറികളുമായി ബന്ധപ്പെട്ടവയാണ്. ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണെന്ന് 2018 ലെയും 2019 ലെയും പ്രകൃതി ദുരന്തങ്ങൾ വരച്ച് കാട്ടുന്നു. പാറയെന്നത് ഒരു പ്രകൃതി വിഭവമാണ്, വരും തലമുറകൾക്ക് കൂടി വേണ്ടിയുള്ളത്. എന്നിരുന്നാൽ കൂടിയും അത് ധാരാളമായി ചൂഷണം ചെയ്യപ്പെടുന്നു. ഈ വിഷയത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് സമിതി 2014-2016 കാലഘട്ടത്തിൽ പാറക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് (7-ാമത് റിപ്പോർട്ട്) സഭയിൽ സമർപ്പിച്ചിരുന്നു.

ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളായി സമിതിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നിവേദനങ്ങളിന്മേൽ പരിഹാരം കാണാൻ നിരന്തരശ്രമം നടത്തിയിരുന്നുവെങ്കിലും പരിഹരിക്കപ്പെടുന്തോറും കൂടുതൽ സങ്കീർണ്ണമാകുന്ന പ്രശ്നങ്ങളിൽ ഒന്നാണെന്ന് തിരിച്ചറിഞ്ഞാണ് ഈ പ്രശ്നത്തെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു പ്രാഥമികയോഗം 2019 സെപ്റ്റംബർ 26-ന് തിരുവനന്തപുരത്ത്

ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും പാറക്വാറികൾ താരതമ്യേന കൂടുതൽ പ്രവർത്തിക്കുന്ന എറണാകുളം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഏതാനും ക്വാറികൾ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് 23-1-2020-ൽ തിരുവനന്തപുരത്ത് പ്രധാനപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച ഒരു യോഗം ചേരുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പ് യോഗങ്ങളുടെയും സന്ദർശനങ്ങളുടെയും സമിതിയുടെ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

## കരിങ്കൽ ക്വാറികളെ സംബന്ധിച്ചുള്ള നിയമങ്ങളും ചട്ടങ്ങളും

മുൻകൂർ പാരിസ്ഥിതികാനുമതിയില്ലാതെ യാതൊരുവിധ മൈനർ മിനറൽ ഖനന പ്രവർത്തനങ്ങൾക്കും അനുമതി നൽകരുതെന്ന് 27-2-2012-ലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കുകയുണ്ടായി. ഈ ഉത്തരവിനുമുമ്പ് വരെ 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സ്ഥലത്തെ ഖനനത്തിനുമാത്രമായിരുന്നു പാരിസ്ഥിതികാനുമതി ആവശ്യമായിരുന്നത്. കേരളത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം ക്വാറികളുടെയും വിസ്തൃതി 5 ഹെക്ടറിൽ താഴെയാണ്. 2011-12 കാലയളവിൽ കേരളത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) നിലവിൽ വരികയുണ്ടായി. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയാണ് ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി (EC) അനുവദിക്കുന്നത്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 27-2-2012-ലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിലെ വിധിയിൽ ക്വാറീയിങ് ലീസിനെ കുറിച്ച് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ആയതിനാൽ ഒരു വർഷം വരെയുള്ള കാലാവധിയിൽ അനുവദിക്കുന്ന ഹ്രസ്വകാല ക്വാറീയിങ് പെർമിറ്റുകൾക്ക് സുപ്രീംകോടതി വിധി ബാധകമല്ലെന്നുള്ള വ്യാഖ്യാനത്തിന്മേൽ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിരുന്നില്ല. ഈ കാലയളവിലും ഖനനാനുമതികൾക്ക് മുൻകൂറായി പാരിസ്ഥിതികാനുമതി ലഭ്യമാക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രാലയം ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ട് 2016 ജനുവരിയിൽ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനം (EIA Notification) ഭേദഗതി ചെയ്തു. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിൽ താഴെയുള്ള മൈനർ മിനറൽ ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി അനുവദിക്കുന്നതിന് 2016 ജനുവരിയിൽ ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA) രൂപീകരിച്ചു. 2016 അവസാനത്തോടുകൂടിയാണ് സംസ്ഥാനത്ത് DEIAA നിലവിൽ വന്നത്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 27-2-2012-ലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിലെ വിധിയിലെ നിർദ്ദേശാനുസരണം ഖനനാനുമതിയ്ക്കായി മൈനിങ് പ്ലാൻ തയ്യാറാക്കുന്നതും, മൈനിങ് പ്ലാനിനനുസൃതമായി മാത്രമാണ് ഖനനം നടത്തേണ്ടത് എന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള സർക്കാർ 1967-ലെ കേരള മൈനർ കൺസഷൻ ചട്ടങ്ങൾക്ക് പകരം 2015-ൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ രൂപീകരിച്ചു. 2016 നവംബറോടുകൂടി ഖനനാനുമതിയുടെ തരമോ, കാലാവധിയോ (ദീർഘകാല ക്വാറീയിങ് ലീസ്/ ഹ്രസ്വകാല ക്വാറിയിങ് പെർമിറ്റ്) കണക്കാക്കാതെ എല്ലാ വിധ മൈനർ മിനറൽ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള വിജ്ഞാപനം ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിച്ചിരുന്ന ഹ്രസ്വകാല ക്വാറീയിങ് പെർമിറ്റുകൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിർത്തലാക്കിയതായി വകുപ്പ് സമിതിയെ അറിയിച്ചു.

**ക്വാറികളിലെ ധാതു ഉത്പാദനത്തെ ബാധിച്ച പുതിയ നിയന്ത്രണങ്ങൾ**

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 27-2-2012-ലെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിലെ വിധിന്യായ പ്രകാരം ഖനന പ്രവർത്തനങ്ങൾക്ക് മൈനിങ് പ്ലാൻ നിർബന്ധമാക്കിയിരുന്നു. മൈനിങ് പ്ലാൻ അടിസ്ഥാനമാക്കിയാണ് ഒരു ക്വാറിയുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള ഖനന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള ക്വാറികളുടെ പ്രവർത്തനം 1952-ലെ മൈൻസ് ആക്ടിന്റെ പരിധിയിൽ വരുന്നു. ആയത് നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി (DGMS)യാണ്. മൈൻസ് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് മൈനിങ് പ്ലാനുകൾ തയ്യാറാക്കേണ്ടത്. ഈ റെഗുലേഷനുകൾ പ്രകാരം ഖനനം ബെഞ്ചുകൾ (തട്ടുകൾ) രൂപീകരിച്ച് മാത്രം നടപ്പിലാക്കേണ്ടതും ഒരു ഖനിയുടെ/ക്വാറിയുടെ അതിരിൽ നിന്നും 7.5 മീറ്റർ അകലത്തിൽ "No Mining Zone" നിലനിർത്തേണ്ടതുമാണ്.

പ്രധാനമായും രണ്ട് തരത്തിലുള്ള മിനറൽ കൺസഷനുകളാണ് നിലവിലുള്ളത്- ഹ്രസ്വകാല ക്വാറീയിങ് പെർമിറ്റ് (പരമാവധി കാലാവധി ഒരു വർഷം; അപേക്ഷാ സ്ഥലത്തിന്റെ പരമാവധി വിസ്തൃതി 1 ഹെക്ടർ), ദീർഘകാല ക്വാറീയിങ് ലീസ് (കാലാവധി 5 മുതൽ 12 വർഷം; അപേക്ഷാ സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞത് 1 ഹെക്ടർ). 27-2-2012-ന് മുമ്പ് ക്വാറീയിങ് ലീസ് നിലവിലുണ്ടായിരുന്നവർക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാതെ ഖനന പ്രവൃത്തി തുടരാനായതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

## ക്വാറീയിങ് ലീസ്, ക്വാറീയിങ് പെർമിറ്റ് പ്രകാരം പ്രവർത്തിക്കുന്ന ക്വാറികളുടെ വിസ്തീർണ്ണം

മുൻകാലങ്ങളിൽ അനുമതി ലഭിച്ച ക്വാറീയിങ് ലീസുകളെ അപേക്ഷിച്ച് ഈയിടെയായി അനുമതി ലഭിക്കുന്ന ക്വാറീയിങ് ലീസുകളുടെയും ഖനന സ്ഥലത്തിന്റെയും വിസ്തീർണ്ണം താരതമ്യേന വളരെ കൂടുതലാണെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. ആയതിലൂടെ അവയിൽ നിന്നുള്ള ധാതുവിന്റെ ഉത്പാദനവും കൂടുന്നു. സംസ്ഥാനത്തെ ഒരു ക്വാറീയിങ് ലീസിന്റെ ഏകദേശ വിസ്തീർണ്ണം 2.9 ഹെക്ടർ (7.1 ഏക്കർ) ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ക്വാറീയിങ് ലീസ്, ക്വാറീയിങ് പെർമിറ്റ് പ്രകാരം ഖനനത്തിലേർപ്പെട്ടിരിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 1721 ഹെക്ടറാണ് (4253 ഏക്കർ); അതായത് 17.21 സ്ക്വയർ കിലോമീറ്റർ. 16-9-2019 തീയതിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികളിൽ 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള 65 ക്വാറികളാണുള്ളതെന്നും പരമാവധി വിസ്തീർണ്ണം ഉള്ളത് 15.06 ഹെക്ടറുള്ള ക്വാറിയാണെന്നും (37.21 ഏക്കർ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. തിരുവനന്തപുരം(62), കൊല്ലം(27), പത്തനംതിട്ട(65), ആലപ്പുഴ(ഇല്ല), കോട്ടയം(33), ഇടുക്കി(31), എറണാകുളം(120), തൃശ്ശൂർ(39), പാലക്കാട്(76), മലപ്പുറം(113), കോഴിക്കോട്(65), വയനാട്(10), കണ്ണൂർ(70), കാസർഗോഡ്(12) എന്നിങ്ങനെ ആകെ 723 ക്വാറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

## നിയമാനുസൃതമുള്ള ഖനന പ്രവർത്തനത്തിന് വേണ്ട ലൈസൻസ്/അനുമതി പത്രങ്ങൾ

കരിങ്കൽ ഖനനത്തിന് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാറുണ്ട്. കൂടാതെ ഖനന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശബ്ദം, പുക, പ്രകമ്പനം, ഭാരവാഹകശേഷി കൂടിയ വാഹനങ്ങളുടെ ഗതാഗതം, വൻകിട ക്രഷറുകളുടെ പ്രവർത്തനം എന്നിവയും ഉൾപ്പെട്ടിരിക്കുന്നു. ഇവ പൊതുജനങ്ങളുടെ പരാതിക്കും പ്രതിഷേധത്തിനും ഇടയാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി.

ആക്ട്/നിയമം/ചട്ടം എന്നിവയാൽ ഖനന പ്രവർത്തനം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. ഒരു ക്വാറിയുടെ നിയമാനുസൃതമായ പ്രവർത്തനത്തിന് താഴെപ്പറയുന്ന 5 ലൈസൻസ്/ അനുമതി പത്രങ്ങൾ ആവശ്യമാണ്:

1. MMDR Act/KMMC ചട്ടങ്ങൾ പ്രകാരം മൈനിങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട ക്വാറീയിങ് ലീസ്/ ക്വാറീയിങ് പെർമിറ്റ്

2. Environment Protection Act/ EIA Notification പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് മന്ത്രാലയം (MoEF&CC)/SEIAA-ൽ നിന്നുള്ള പാരിസ്ഥിതികാനുമതി

3. എക്സ്പ്ലോസീവ് ആക്ട് ചട്ട പ്രകാരം പെട്രോളിയം ആന്റ് സേഫ്റ്റി ഓർഗനൈസേഷൻ (PESO)യിൽ നിന്നുള്ള എക്സ്പ്ലോസീവ് ലൈസൻസ്

4. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം (വായു, വെള്ളം, ശബ്ദ മലിനീകരണ നിയന്ത്രണത്തിനായി രൂപീകരിച്ചിട്ടുള്ള വിവിധ ആക്ടുകളുടെ അടിസ്ഥാനത്തിലുള്ളത്)

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ്

സുരക്ഷ സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി (കേന്ദ്ര സർക്കാർ) നിഷ്കർഷിക്കുന്ന നിയന്ത്രണങ്ങൾ ക്വാറി ഉടമ പാലിക്കേണ്ടതുണ്ട്. ആയതിന് നിർദ്ദിഷ്ട യോഗ്യതയുള്ള മൈൻസ് മാനേജർ, ബ്ലാസ്റ്റ്സ്മാൻ എന്നിവരെ നിയമിക്കേണ്ടതുണ്ട്. കൂടാതെ Recognized Qualified Person (RQP) തയ്യാറാക്കി വകുപ്പധികൃതർ അംഗീകരിച്ച മൈനിങ് പ്ലാനിനനുസൃതമായാണ് ഖനനം നടത്തേണ്ടത്.

അപേക്ഷകർ സമർപ്പിക്കുന്ന റവന്യൂ രേഖകളുടെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിച്ച് വരുന്നത്. കാർഷികാവശ്യങ്ങൾക്കായി സർക്കാർ പതിച്ച് നൽകിയിരുന്ന ഭൂമിയിൽ മുൻകാലങ്ങളിൽ ഖനനത്തിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുമതി നൽകുന്നത് ഹൈക്കോടതി നിരോധിച്ചതിനെ തുടർന്ന് 2009-ന് ശേഷം റവന്യൂ വകുപ്പിൽ നിന്നും നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ഖനനാനുമതി നൽകുന്നതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. നിലവിൽ മറ്റ് ആവശ്യങ്ങൾക്ക് പതിച്ചുകൊടുത്ത ഭൂമിയിലും തോട്ടഭൂമിയിലും ഖനനത്തിന് അനുമതി നൽകുന്നില്ലെന്നും വകുപ്പ് സമിതിയെ അറിയിച്ചു.

**ദേശീയോദ്യാനം/വന്യജീവി സങ്കേതം എന്നിവയുടെ അതിരിൽ നിന്നും 10 കി.മീ. ചുറ്റളവിനുള്ളിലെ ഖനനം**

സംസ്ഥാനത്ത് ദേശീയോദ്യാനം, വന്യജീവി സങ്കേതങ്ങൾ എന്നിവയ്ക്ക് ചുറ്റും നിശ്ചിത ദൂരപരിധിയ്ക്കുള്ളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രാലയം "Eco-sensitive Zones" നോട്ടിഫൈ ചെയ്യേണ്ടതുണ്ട്. 4 ദേശീയോദ്യാനങ്ങൾ, 16 വന്യജീവി സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച കരട് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഒരു കി.മീ. ചുറ്റളവിനുള്ളിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള ഖനനവും അനുബന്ധ (ക്രഷർ) പ്രവർത്തനങ്ങളും നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപ പത്രത്തിന്റെ (NOC) അടിസ്ഥാനത്തിൽ മാത്രമേ നടത്താവൂ. എന്നാൽ സംസ്ഥാനത്ത് പാരിസ്ഥിതികാനുമതി അനുവദിക്കുന്ന വേളയിൽ ഒന്നുമുതൽ 10 കി.മീ. ചുറ്റളവിനുള്ളിലെ

ഖനന/അനുബന്ധ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുണ്ടെന്നുള്ള വിഷയം പരിഗണിക്കാതെ പാരിസ്ഥിതികാനുമതി അനുവദിക്കുകയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഖനനാനുമതിയും അനുവദിച്ചിരുന്നു. എന്നാൽ, എൻവിറോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട്, EIA നോട്ടിഫിക്കേഷൻ/ ചട്ടങ്ങൾ എന്നിവയുടെ ലംഘനമായതിനാൽ എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിർത്തിവയ്ക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ 10 കി. മീ. ദൂരപരിധിയിലുള്ള 88 കരിങ്കൽ ക്വാറികളുടെ പ്രവർത്തനം താത്ക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. ഭൂരിഭാഗം വന്യജീവി സങ്കേതങ്ങളുടെയും Eco-sensitive Zones കൾ മൂന്ന് കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാൽ Eco-sensitive Zones ഏരിയയ്ക്ക് പുറത്തുള്ള ഖനന പ്രവർത്തനങ്ങൾക്ക് നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമില്ലെന്നും വകുപ്പ് സമിതിയെ അറിയിച്ചു.

**കരിങ്കല്ലിനുള്ള ആവശ്യകത**

കരിങ്കല്ലിനുള്ള ആവശ്യകതയിൽ അഭൂതപൂർവ്വമായ വർദ്ധനയാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് പുഴ മണലിന് പകരം കരിങ്കല്ല് പൊടിച്ച് മണലാക്കി (Manufactured sand) ഉപയോഗിക്കുന്നതാണ് കരിങ്കല്ലിന്റെ ആവശ്യകത കൂടിയതിനുള്ള പ്രധാന കാരണമെന്ന് സമിതി മനസ്സിലാക്കുന്നു. EIA നോട്ടിഫിക്കേഷനിലെ നിബന്ധനകൾ കർശനമാക്കിയതിനാലും പുഴമണൽ ഖനനത്തിന് നിലവിൽ പാരിസ്ഥിതികാനുമതി അനുവദിച്ചിട്ടില്ലാത്തതിനാലും സംസ്ഥാനത്ത് നിലവിൽ പുഴമണൽ ഖനനം നടക്കുന്നില്ല. കോൺക്രീറ്റ്, പ്ലാസ്റ്ററിങ് മുതലായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് വൻകിട ക്രഷറുകൾ നിലവിൽ വന്നതിന് പുഴമണലിന്റെ ദൗർലഭ്യം കാരണമായിട്ടുണ്ട്.

മൈനിംഗ് & ജിയോളജി വകുപ്പിൽ ക്വാറി ഉടമകൾ സമർപ്പിച്ചിട്ടുള്ള റിട്ടേണുകൾ / റിപ്പോർട്ടുകൾ, മിനറൽ ട്രാൻസിറ്റ് പാസുകളുടെ വിശദ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ, ഖനനം ചെയ്യാൻ അനുവദിച്ച ധാതുവിന്റെ 40% മാത്രമാണ് ഒരു വർഷം ഖനനം ചെയ്യുതായി കാണുന്നതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. എന്നാൽ ക്വാറികൾ നേരിട്ട് അളന്നാൽ മാത്രമേ മേൽപ്പറഞ്ഞവയുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു.

നിർമ്മാണ സാമഗ്രികളുടെ വില കുറഞ്ഞാൽ മാത്രമേ നിശ്ചയിച്ച ബഡ്ജറ്റിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ എന്നതും പരിഗണിക്കേണ്ടതുണ്ട്.

കരിങ്കലിന്റെ വില കൂടിയാൽ ആയത് ഉപഭോഗം കുറയ്ക്കുവാൻ ഇടവരുത്തും. ധാതുവിന്റെ റോയൽറ്റി കൂട്ടിയാൽ കരിങ്കലിന്റെ വിലയും കൂടും. എന്നാൽ ഈ യുക്തി എല്ലായ്പ്പോഴും പ്രാവർത്തികമാകണമെന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പാർപ്പിടം ഒരുക്കുകയെന്നത് പ്രധാനമാണ്. ആയതിന് സർക്കാർ സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികൾ നൽകാവുന്നതാണ്. ചട്ടപ്രകാരം കേരള സംസ്ഥാന ധാതു വികസന കോർപ്പറേഷൻ (KEMDEL), കുടുംബശ്രീ മുതലായവർക്ക് ക്വാറികൾ അനുവദിച്ച് സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാവുന്നതാണ്. അല്ലാത്തപക്ഷം റോയൽറ്റി വർദ്ധനവ് വരുത്തി യഥാർത്ഥ ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാവുന്നതാണ്.

നിർമ്മാണ സാമഗ്രികൾ ഏറ്റവും കൂടുതൽ ആവശ്യംവരുന്നത് സർക്കാർ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാണ്. റോഡ്, പാലം, തുറമുഖം, റെയിൽവേ ലൈൻ, ജലസേചന പദ്ധതികൾ തുടങ്ങിയ നിർമ്മിതികൾ മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് വളരെയധികം നിർമ്മാണ സാമഗ്രികൾ ആവശ്യമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനായി കണക്കാക്കിയിട്ടുള്ള 70 ലക്ഷം മെട്രിക് ടൺ കരിങ്കല്ല്/ റബിളിന്റെ സ്ഥാനത്ത് ഉദ്ദേശ്യം 8 ലക്ഷം മെട്രിക് ടൺ ധാതു മാത്രമേ കേരളത്തിൽനിന്നും ലഭ്യമാക്കുവാൻ സാധിച്ചിട്ടുള്ളൂ. ഒരു ഹെക്ടർ സ്ഥലത്തു നിന്നും ശാസ്ത്രീയമായി ഉത്പാദിപ്പിക്കാവുന്ന ധാതു 3,50,000 മെട്രിക് ടൺ എന്ന് കണക്കാക്കിയാൽ ഇത്രയും ധാതു ലഭ്യമാകുന്നതിന് 200 ഹെക്ടർ സ്ഥലം ഖനന വിധേയമാക്കേണ്ടതുണ്ട്. 200 ഹെക്ടർ സ്ഥലം ഒരു വർഷത്തിനുള്ളിൽ ലഭ്യമാകണമെങ്കിൽ, ഒരു ക്വാറിയുടെ ശരാശരി വിസ്തൃതി 3 ഹെക്ടർ എന്ന് കണക്കാക്കിയാൽ അങ്ങനെയുള്ള 66 ക്വാറികൾ വേണ്ടിവരും; കാലയളവ് 2 വർഷമാക്കിയാൽ 33 ക്വാറികൾ വേണ്ടിവരും. നേരായ രീതിയിലുള്ള റോഡുകളുടെ നിർമ്മാണത്തിലൂടെയും [അറ്റകുറ്റപ്പണി രഹിത റോഡുകൾ - തുടരെ തുടരെ ടോപ്പിംഗ് (topping) ആവശ്യമില്ലാത്തവ] നിർമ്മാണ സാമഗ്രികളുടെ പുനഃരുപയോഗം മുതലായവയിലൂടെയും കരിങ്കലിന്റെ ഉപഭോഗം കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

### കരിങ്കൽ ഉത്പന്നങ്ങളുടെ ശേഖരണവും വില്പനയും

കരിങ്കൽ ഉത്പന്നങ്ങളുടെ ശേഖരണത്തിനും വില്പനയ്ക്കുമായി മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിക്കാറുണ്ട്. സംസ്ഥാനത്ത് നിലവിൽ ഇത്തരം 1072 ഡിപ്പോകൾ ഉള്ളതിൽ 615 എണ്ണം ക്രഷറുകൾ മാത്രമാണ് (ക്വാറിയോടനുബന്ധിച്ചില്ലാത്തവ) എന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. ക്രഷറുകളുടെ പ്രവർത്തനത്തിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതികളൊന്നും നൽകാറില്ലെന്നും വകുപ്പ് അറിയിച്ചു. സംസ്ഥാനത്തുടനീളം

പ്രവർത്തിക്കുന്ന ക്രഷറുകളിൽ രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റുകൾ, ഡീലേഴ്സ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന ക്രഷറുകൾ , ക്രഷർ കൂടാതെ കരിങ്കല്ല് ഉല്പന്നങ്ങൾ സ്റ്റോക്കുചെയ്ത് വില്പന നടത്തുന്ന സ്റ്റോക്ക് യാർഡുകൾ എന്നിവ ഉൾപ്പെടുന്നു.

ക്വാറി ഉടമയ്ക്ക് ഒരു ക്രഷർ ഉള്ള പക്ഷം അയാൾക്ക് ക്വാറിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന ധാതുവിന്റെ അളവിന്റെ (ടണ്ണിന്റെ) അടിസ്ഥാനത്തിൽ റോയൽറ്റി ഒടുക്കുന്നതിന് പകരം ക്രഷറിലെ ജോയുടെ (jaw) തരം, അളവ് എന്നിവ കണക്കാക്കി തയ്യാറാക്കിയിട്ടുള്ള സ്ലാബിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് റോയൽറ്റി ഒടുക്കി മൈനിംഗ് പ്ലാനിനനുസൃതമായി കരിങ്കൽ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്താവുന്നതാണ്. ഈയിനത്തിൽ സർക്കാരിൽ 100% റവന്യൂ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. (170 ക്രഷറുകൾ കോമ്പൗണ്ടിംഗ് ഫീസിനത്തിൽ 31.5 കോടി രൂപയാണ് ഒടുക്കിയത്. എന്നാൽ ഉത്പാദിപ്പിച്ച ധാതുവിന്റെ അടിസ്ഥാനത്തിൽ 59.95 കോടി രൂപയാണ് ഒടുക്കേണ്ടിയിരുന്നത്). സംസ്ഥാനത്ത് 150-ൽ അധികം ക്വാറീയിങ് ലീസുടമകൾ 200-ൽ അധികം ക്വാറീയിങ് ലീസുകൾ RMCU (Registered Metal Crusher Unit) ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് സമിതി മനസ്സിലാക്കുന്നു.

### അനധികൃത ഖനനം

നിയമാനുസൃതമായും അനധികൃതമായും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിരവധി പരാതികൾ ലഭിക്കാറുണ്ട്. നിയമാനുസൃതമായ 5 ലൈസൻസുകൾ/ അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നതിലും ഭേദം അനധികൃത ഖനനത്തിനെതിരായ തുടർ നടപടികൾക്ക് വിധേയമാകുന്നതാണെന്ന് വിശ്വസിക്കുന്നവരുണ്ട്. ഖനനം നിരോധിച്ചിട്ടുള്ള No Mining Zone കളിലാണ് ഇവർ അനധികൃത ഖനനം നടത്തുന്നത്. KMMC ചട്ടങ്ങൾ പ്രകാരം താമസവീട്, പുഴ, പൊതുനിരത്ത്, പൊതു നിർമ്മിതികൾ എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധി പാലിച്ചുമാത്രമേ ഖനനം നടത്താവൂ. തെക്കൻ ജില്ലകളെ അപേക്ഷിച്ച് വടക്കൻ ജില്ലകളിൽ നിന്നാണ് കൂടുതൽ അനധികൃത ഖനന/ ധാതു ഗതാഗത പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

### അനധികൃത ധാതു ഖനനം തടയുന്നതിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നേരിടുന്ന പ്രശ്നങ്ങൾ

KMMC ചട്ടങ്ങൾ പ്രകാരം അനധികൃത ധാതു ഖനനം കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ശിക്ഷാ നടപടികൾക്ക് വിധേയമായി രാജിയാക്കാവുന്ന കുറ്റമാണ്. കോടതിയിൽ കേസ് ഫയൽ ചെയ്യുതിനുശേഷവും, കോടതിയുടെ നിർദ്ദേശാനുസരണം

പ്രത്യേക പ്രവൃത്തി ചെയ്ത വ്യക്തി വകുപ്പധികൃതരെ കുറ്റം രാജിയാക്കുന്നതിന് തയ്യാറായി സമീപിച്ചാൽ ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിന് റോയൽറ്റി (ടണ്ണിന് 24 രൂപ), വില (റോയൽറ്റിയുടെ 2 മടങ്ങ്), പരമാവധി കോമ്പൗണ്ടിംഗ് ഫീസായ 5,00,000 രൂപ വരെ എന്നിവ ഈടാക്കി കുറ്റം രാജിയാക്കാവുന്നതാണ്. എന്നാൽ കുറ്റം രാജിയാക്കുന്ന നടപടികളെ കവച്ചുവയ്ക്കുന്ന ലാഭം അനധികൃത ഖനനം പ്രദാനം ചെയ്യുന്നതിനാൽ കുറ്റക്കാർ അനധികൃത ധാതു ഖനനം തുടരുവാൻ താൽപ്പര്യപ്പെടുന്നതായി സമിതി വിലയിരുത്തുന്നു. നിരന്തരം ചട്ടലംഘനം ചെയ്യുന്നവർക്കെതിരെ ചട്ടപ്രകാരം കുറ്റം ചെയ്തതായി ബോധ്യപ്പെടുന്ന ദിവസങ്ങൾ കണക്കാക്കി പരമാവധി 50,000 രൂപ എന്ന നിരക്കിൽ പിഴ കൂടി ഈടാക്കാവുന്നതാണ്.

ക്വാറിയിലെ സുരക്ഷ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി നിഷ്കർഷിക്കുന്ന നിർദ്ദേശങ്ങൾ ക്വാറി ഉടമ പാലിക്കേണ്ടതുണ്ട്. ആയതിന് നിർദ്ദിഷ്ട യോഗ്യതയുള്ള മൈൻസ് മാനേജർ/ മൈനിംഗ് എഞ്ചിനീയർ, ബ്ലാസ്റ്റ്മാൻ എന്നിവരെ ക്വാറിയിൽ നിയമിക്കേണ്ടതുണ്ട്. മൈനിംഗ് എഞ്ചിനീയറിങ് വിഷയത്തിൽ കേരളത്തിൽ പോളിടെക്നിക്കോ കോളേജോ ഇല്ലാത്തതിനാൽ ഇത്തരം വൈദഗ്ധ്യമുള്ളവരെ കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്.

### അനധികൃത ഖനനം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

ഒരു ക്വാറി നിയമാനുസൃതമായി നടത്തുന്നതിന് 5 ലൈസൻസുകൾ/ അനുമതി പത്രങ്ങൾ ആവശ്യമാണ്. എന്നാൽ ഇതര വകുപ്പുകൾ അനധികൃത ഖനനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാറില്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. സ്റ്റാറ്റ്യൂട്ടറി രേഖകൾ അനുവദിക്കേണ്ട എല്ലാ വകുപ്പുകളും ഒരേ നിലയിൽ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ അനധികൃത ഖനനം നിർബാധം തുടരുന്നത് തടയുവാൻ സാധിക്കുമായിരുന്നു. എക്സ്പ്ലോസീവ് ആക്ട്, ചട്ടങ്ങൾ എന്നിവപ്രകാരം ലൈസൻസില്ലാതെ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നത്/ സൂക്ഷിക്കുന്നത് ക്രിമിനൽ കുറ്റം ആകയാൽ കുറ്റക്കാർക്കെതിരെ പോലീസിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത് കാര്യക്ഷമമായി ചെയ്തിരുന്നുവെങ്കിൽ അനധികൃത ഖനനം ഫലപ്രദമായി തടയുവാൻ സാധിക്കുമായിരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, SEIAA എന്നിവർ പാരിസ്ഥിതികാനുമതി ഇല്ലാതെയുള്ള ഖനനത്തിനെതിരെ നിയമനടപടി എടുത്തിരുന്നുവെങ്കിൽ നിയമം/ചട്ട ലംഘകർക്ക് വലിയൊരു തുക പിഴയായി ഒടുക്കേണ്ടി വരുമായിരുന്നു. പഞ്ചായത്ത് രാജ് ആക്ടിന്റെ ലംഘനത്തിന് പഞ്ചായത്ത് അധികൃതർക്കും നിയമനടപടി സ്വീകരിക്കാവുന്നതാണ്.

വടക്കൻ ജില്ലകളെ (മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്) അപേക്ഷിച്ച് തെക്കൻ ജില്ലകളിൽ അനധികൃത ഖനനം താരതമ്യേന കുറവാണ്. തെക്കൻ ജില്ലകളിൽ, 10%ത്തോളം ക്വാറികളിൽ, പുലർച്ചെ പ്രത്യേകിച്ച് 8 മണിവരെ അനധികൃത ഖനനം നടക്കാറുണ്ടെന്ന് സമിതിക്ക് ലഭിച്ച പരാതികൾ വ്യക്തമാക്കുന്നു.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം, പശ്ചാത്തല സൗകര്യങ്ങൾ, (പ്രത്യേകിച്ച് വാഹനം എന്നിവയിലെ കുറവ്/അപര്യാപ്തത) ആയതുമൂലമുള്ള അമിതമായ ജോലി ഭാരം എന്നിവ അനധികൃത ഖനന പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകിയിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു.

## റവന്യൂ വരുമാനത്തിലെ ചോർച്ച

അനധികൃത ഖനനത്തിലൂടെയും അനുവദിച്ച അളവിൽ കൂടുതൽ ധാതു ഖനനം ചെയ്ത് കടത്തുന്നതിലൂടെയുമാണ് പ്രധാനമായും റവന്യൂ വരുമാനത്തിൽ ചോർച്ച സംഭവിക്കുന്നത്. മിനറൽ ട്രാൻസിറ്റ് പാസുകൾ ഇല്ലാതെയും അനുവദനീയമായതിൽ കൂടുതൽ അളവിലും വാഹനങ്ങളിൽ ധാതു ഗതാഗതം ചെയ്യുന്നത് (മോട്ടോർ വാഹന വകുപ്പ് അനുവദിച്ചിട്ടുള്ള ഭാരവാഹക ശേഷിയേക്കാൾ കൂടുതൽ - 2 മടങ്ങ് വരെ) സംബന്ധിച്ച് സമിതിക്ക് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവ നിരന്തരമായ പരിശോധനയിലൂടെയും ക്വാറികളുടെ സർവ്വേയിലൂടെയും മാത്രമേ കണ്ടെത്താൻ കഴിയൂ. എന്നാൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പരിമിതമായ മാനവശേഷിയും സൗകര്യങ്ങളും ഉപയോഗിച്ച് (ജില്ലകളിൽ ഓരോ ഓഫീസ് ഓരോ വാഹനം, രണ്ടോ മൂന്നോ ഫീൽഡ് സ്റ്റാഫ്) നിരന്തരമായ പരിശോധനകളോ റവന്യൂ അധികാരികളുടെ സഹായത്തോടുകൂടിയുള്ള ക്വാറികളുടെ അളവ് കണക്കാക്കലോ സാധ്യമാകാറില്ല. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ സർവ്വേയറോ സർവ്വേയുള്ള നൂതന സാങ്കേതിക വിദ്യകളോ ലഭ്യമല്ല. നൂതന സാങ്കേതിക വിദ്യകളായ ഡ്രോൺ മാപ്പിംഗ് , GPS Based vehicle movement tracking എന്നിവയുടെ സഹായത്തിൽ റവന്യൂ വരുമാനത്തിലെ ചോർച്ച ഗണ്യമായി കുറയ്ക്കാവുന്നതാണ്.

## സ്ഫോടന പ്രക്രിയയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം

സമിതിക്ക് ലഭിച്ച പരാതികളിൽ കൂടുതലും ക്വാറിയിൽ നടത്തി വരുന്ന സ്ഫോടന രീതികളെക്കുറിച്ചാണ്. സ്ഫോടനം നടത്തുന്നതിന് നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടെന്നിരിക്കെ അവയൊന്നും പാലിക്കപ്പെടാതെയാണ് പലപ്പോഴും സ്ഫോടനങ്ങൾ നടത്തുന്നത്. സ്ഫോടനത്തിലൂടെ പുറപ്പെടുവിക്കപ്പെടുന്ന പ്രകമ്പനങ്ങളുടെ തീവ്രത, സ്ഫോടനത്തിനുപയോഗിക്കുന്ന കുഴികളുടെ എണ്ണം, അവയുടെ വ്യാസം, അവയിൽ ഉപയോഗിക്കുന്ന സ്ഫോടനക വസ്തുക്കളുടെ അളവ് , ഉപയോഗിക്കുന്ന ഡിറ്റോണേറ്ററുകളുടെ തരം, ഡിറ്റോണേറ്ററുകൾ തമ്മിൽ പ്രവർത്തിക്കുന്നതിലെ കാലതാമസം മുതലായവ അനുസരിച്ചായിരിക്കും സ്ഫോടനത്തിലൂടെ പുറപ്പെടുവിക്കപ്പെടുന്ന പ്രകമ്പനങ്ങളുടെ തീവ്രത. കരിങ്കല്ലിന്റെ ഉൽപ്പാദനം കൂട്ടുന്നതിനും (ഉത്പാദന ചിലവ് കുറയ്ക്കുന്നതിനും വേണ്ടി) കുഴികളുടെ എണ്ണം, സ്ഫോടക വസ്തുക്കളുടെ അളവ് എന്നിവ അനുവദനീയമായതിനും അപ്പുറം

വർദ്ധിപ്പിക്കുന്നു. ഇതിന്റെ ഫലമായി അനുവദനീയ പരിധിയേക്കാൾ ഉയർന്ന തീവ്രതയോടുകൂടിയ പ്രകമ്പനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഇത് നിരീക്ഷിക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങളില്ലെന്നത് സമിതി ഗൗരവമായി കാണുന്നു.

സ്ഫോടകവസ്തുക്കളുടെ ഉപയോഗം സംബന്ധിച്ചുള്ള വിഷയങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എക്സ്പ്ലോസീവ് ലൈസൻസ് ഉള്ളവർക്കുമാത്രമാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകുന്നത്. പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO, Government of India) ആണ് എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നത്. PESO, ജില്ലാ ഭരണകൂടം, പോലീസ് എന്നിവരാണ് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന വകുപ്പുകൾ. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഹാജരാക്കുന്ന LE3 ലൈസൻസുകളിൽ നൈട്രേറ്റ് മിക്സ്ചർ, ഇലക്ട്രിക്/ഓർഡിനറി ഡിറ്റോണേറ്റർ, സേഫ്റ്റി ഫ്യൂസ് എന്നിവ കൈവശം വയ്ക്കാനും ഉപയോഗിക്കുവാനുമുള്ള അനുമതിയാണ് പാറമട നടത്തുന്നവർ ഹാജരാക്കുന്നത്. അമോണിയം നൈട്രേറ്റ് ഫ്യൂവൽ ഓയിൽ (ANFO) (അമോണിയം നൈട്രേറ്റും ഡീസലും മിക്സ് ചെയ്തത്) ഉപയോഗിക്കുവാനുള്ള ലൈസൻസ് PESO ഇപ്പോഴും നൽകുന്നുണ്ട്. എന്നാൽ അപ്രകാരമുള്ള ലൈസൻസുകൾ ആരും തന്നെ സമ്പാദിക്കാറില്ലെന്നും കൂടുതലായും നൈട്രേറ്റ് മിക്സ്ച്ചർ സ്ലറിയാണ് ക്വാറികളിൽ ഉപയോഗിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു.

പ്രകമ്പനം കുറവുള്ള രീതിയിൽ പാറപൊട്ടിക്കുവാനായി നൂതന സാങ്കേതിക വിദ്യയായ NONEL (നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ ഉപയോഗിച്ചുള്ള ബ്ലാസ്റ്റിങ്) നിലവിൽ വന്നിട്ടുണ്ട്. ആയത് ഉപയോഗിച്ച് മാത്രമേ പാറപൊട്ടിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അറിയിച്ചു. ഈ സാങ്കേതിക വിദ്യയുടെ ഉപയോഗം വകുപ്പ് പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ചിലവ് കൂടിയതിനാൽ ആയത് നടപ്പിലാക്കുന്നതിൽ ക്വാറി ഉടമകൾ വൈമനസ്യം കാണിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ വിഷയം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് SEIAA യുടെ ശ്രദ്ധയിൽപ്പെടുത്തുകയും പാരിസ്ഥിതികാനുമതിയിൽ ഇത് ഒരു നിബന്ധനയായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

**മലിനീകരണം സംബന്ധിച്ച വിഷയങ്ങളിൽ തുടർനടപടികൾ**

കേന്ദ്ര നിയമമായ The Air (Prevention and Control of Pollution) Act, 1981 കേന്ദ്ര ചട്ടമായ The Noise Pollution (Regulation and Control) Rules, 2000 എന്നിവ പ്രകാരമാണ് വായു മലിനീകരണം, ശബ്ദമലിനീകരണം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത്. ഇവ നടപ്പിലാക്കുന്നത് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളാണ്. ഇവയുടെ അടിസ്ഥാനത്തിലാണ്

ക്വാറി/ക്രഷർ നടത്തിപ്പിനായി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് consent to operate നൽകുന്നത്. എല്ലാ വർഷവും ക്വാറി/ ക്രഷർ ഉടമകൾ Environment Statement നൽകേണ്ടതാണ്. EIA നോട്ടിഫിക്കേഷൻ പ്രകാരം പാരിസ്ഥിതികാനുമതി നൽകുന്ന വേളയിലും വായു, ശബ്ദം, വെള്ളം എന്നിവയുടെ മലിനീകരണം സംബന്ധിച്ച് നിബന്ധനകൾ ഏർപ്പെടുത്തുന്നു. ആറ് മാസം കൂടുമ്പോൾ ക്വാറി/ക്രഷർ ഉടമകൾ EIA നോട്ടിഫിക്കേഷൻ പ്രകാരം പാരിസ്ഥിതികാനുമതിയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടും (EC Compliance report) നൽകേണ്ടതാണ്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന Consent to oprate ഉം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) അനുവദിക്കുന്ന പാരിസ്ഥിതികാനുമതിയും ഉണ്ടെങ്കിൽ മാത്രമാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകുന്നത്. വായു, ശബ്ദം, വെള്ളം എന്നിവയുടെ മലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്നുള്ള നിബന്ധനകൾ അടങ്ങിയിട്ടുള്ള പാരിസ്ഥിതികാനുമതിയുടെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിക്കുന്നത്.

### റോയൽറ്റി വർദ്ധനവ്

സർക്കാരിന് ചട്ടപ്രകാരം മൂന്നുവർഷത്തിലൊരിക്കൽ റോയൽറ്റി വർദ്ധനവ് വരുത്താവുന്നതാണ്. 12 വർഷങ്ങൾക്കുശേഷമാണ് കരിങ്കല്ലിന് ടണ്ണിന് 16 രൂപയെന്ന റോയൽറ്റി നിരക്ക് 24 രൂപയായി പുതുക്കി നിശ്ചയിച്ചത്. നവകേരള നിർമ്മാണം, പ്രളയത്തിന്റെ പശ്ചാത്തലത്തിലുള്ള Rebuilding Kerala എന്നിവയ്ക്കുള്ള അധിക വിഭവ സമാഹരണത്തിന്റെ ഭാഗമായി റോയൽറ്റി വർദ്ധിപ്പിക്കാവുന്നതാണ്. ഡീലേഴ്സ് ലൈസൻസ് ഫീസ് (നിലവിൽ ടണ്ണിന് 4 രൂപ എന്നത്) കൺസോളിഡേറ്റഡ് റോയൽറ്റി [ക്രഷറിലെ ജോയുടെ (Jaw) തരം, അളവ് എന്നിവയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള സ്ലാബ് നിരക്കുകൾ] എന്നിവയും വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ റോയൽറ്റി വർദ്ധിപ്പിക്കുന്നതോടൊപ്പം ക്വാറി/ക്രഷർ ഉടമകൾ കരിങ്കല്ല് (റബിൾ/കരിങ്കല്ല്) ഉത്പന്നങ്ങൾ എന്നിവയുടെ വിലയും വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടാകും എന്നതും കാണേണ്ടതുണ്ട്.

### സംസ്ഥാന സർക്കാരിന്റെ ഖനന നയം

കേരള വ്യവസായ വാണിജ്യ നയം 2018-ൽ ഖനന നയത്തിന് കീഴിൽ ചുവടെ പറയുന്നവ ചേർത്തിട്ടുണ്ട്.

6.6.3 ഒരു Natural Resource Corporation സ്ഥാപിച്ച് സാധാരണ ജനങ്ങൾക്ക് മിതമായ/ന്യായമായ നിരക്കിലും വൻകിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിപണി/കമ്പോള നിരക്കിലും കരിങ്കല്ല്, മണൽ എന്നിവ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

6.6.4 നിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഡാം/റിസർവോയർ എന്നിവ desilt ചെയ്ത് മണൽ, ചെളി എന്നിവ നീക്കം ചെയ്യുന്നതിനും (അവയിലൂടെ സംഭരണ ശേഷി വർദ്ധിപ്പിക്കുവാനും സാധിക്കും) പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്വാറികളുടെ പ്രവർത്തനം ഉറപ്പുവരുത്തുവാനും നിലവിലുള്ള നിർമ്മാണ സാമഗ്രികൾക്ക് ബദൽ/പകരമുള്ളവ ലഭ്യമാക്കുവാനും കൂടാതെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽ സൂചിപ്പിച്ചുള്ള പ്രകാരം നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കുന്നതിന് Natural Resource Corporation സ്ഥാപിക്കാവുന്നതും KEMDEL, കുടുംബശ്രീ മുതലായവർക്ക് ക്വാറികൾ അനുവദിച്ച് സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാവുന്നതുമാണ്. കരിങ്കല്ല് ഖനനം തുടങ്ങുന്നതിനുള്ള സാധ്യതകൾ ആരായുന്നതിന് KEMDEL മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ സമീപിച്ചിരുന്നതായും സമിതി മനസ്സിലാക്കുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുകയോ ഡാം/റിസർവോയർ എന്നിവയിൽ നിന്നും അടിഞ്ഞുകൂടിയ മണൽ, ചെളി എന്നിവ നീക്കുകയോ ചെയ്താലേ കരിങ്കൽ/കരിങ്കൽ ഉത്പന്നങ്ങളുടെ ആവശ്യകത ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുകയുള്ളൂവെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അറിയിച്ചു.

വിഭവത്തിന്റെ ഉപയോഗം കൂടുകയും പ്രകൃതിയിലെ വിഭവത്തിന്റെ ലഭ്യത കുറയുകയും ചെയ്യുന്നതിനാൽ റെഡ്യൂസ്-യൂസ്, റീ-യൂസ്, റീ-സൈക്ലിംഗ് എന്ന ആശയത്തിലേക്ക് ലോകം മാറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി റോഡിലുള്ള മെറ്റീരിയൽസ് റീ-യൂസ് ചെയ്ത് ടാർ ചെയ്യുന്ന സാങ്കേതികവിദ്യ നിലവിൽ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരമുള്ള റോഡുകൾ നിർമ്മിക്കുമ്പോൾ റോഡിന്റെ വശങ്ങളിലായി പൈപ്പലൈനുകൾ ഏർപ്പെടുത്തേണ്ടതായി പറയുന്നുണ്ട്.

പാറഖനനവുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഒരു റഗുലർ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണെന്ന് തെളിവെടുപ്പ് യോഗത്തിൽ റവന്യൂ വകുപ്പ് സമിതിയെ അറിയിച്ചു. പാറയുടെ പുനരുപയോഗത്തിലൂടെയുള്ള റോഡ് നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിലാണെന്നും, പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഉയർന്ന സാങ്കേതിക വിദ്യയുള്ള മെഷിനറികൾ ആവശ്യമാണെന്നും, നിർമ്മാണച്ചെലവ് കൂടുതലാണെന്നും അദ്ദേഹം വ്യക്തമാക്കി. Full Depth Reclamation (FDR) Technology പരീക്ഷണാടിസ്ഥാനത്തിൽ ആനയടി-പഴകുളം റോഡിൽ 5.9 K.M. കിഫ്ബി പദ്ധതിയിൽ ചെയ്തതായും റവന്യൂ വകുപ്പ് അറിയിച്ചു. മൂന്ന് ജില്ലകളിൽ FDR technology ഉപയോഗിച്ച് 100 k.m. റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും റവന്യൂ വകുപ്പ് അറിയിച്ചു.

ക്വാറികൾ തുടങ്ങുന്നതിനുമുൻപ് ജനാഭിപ്രായം തേടാൻ പഞ്ചായത്തീരാജ് ആക്ടിൽ വ്യവസ്ഥയില്ല എന്ന് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചു. ബഹു. സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 96 ക്വാറികൾ അടച്ചുപൂട്ടിയിട്ടുള്ളതായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് അറിയിച്ചു. State Environmental Impact Authority യാണ് ഖനനസ്ഥലത്തിന് പരിസ്ഥിതി ക്ലിയറൻസ് നല്കുന്നതെന്നും ആയത് അഞ്ച് വർഷത്തേക്കാണെന്നും പരിസ്ഥിതി വകുപ്പ് അറിയിച്ചു. മൈനിംഗ് പ്ലാൻ അനുസരിച്ചാണ് ഖനനം ചെയ്യപ്പെടുന്ന പാറയുടെ അളവ് കണക്കാക്കുന്നതെന്നും, മരങ്ങൾ വച്ചുപിടിപ്പിക്കുക, ഗാർലന്റ് കനാൽ ഡ്രെയിനേജ് സംവിധാനം തയ്യാറാക്കുക, പാറമടയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ഔട്ട്ഫ്ലോ സംവിധാനം നടപ്പിലാക്കുക, ബഞ്ച്കട്ടിംഗ് നടപ്പാക്കുക തുടങ്ങിയ വ്യവസ്ഥകളും പരിസ്ഥിതി ക്ലിയറൻസിൽ നിഷ്കർഷിക്കുന്നുണ്ടെന്ന് പരിസ്ഥിതി വകുപ്പ് അറിയിച്ചു. സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് എക്സ്പെർട്ട് കമ്മിറ്റിയുടെ സ്ഥല സന്ദർശന ശേഷമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകുന്നതെന്നും വകുപ്പ് വ്യക്തമാക്കി. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഭൂപടത്തിലുള്ള റെഡ്സോണിൽ ഒരു ക്വാറിക്കും പ്രവർത്തനാനുമതി നൽകുന്നില്ല എന്നും പരിസ്ഥിതി വകുപ്പ് വ്യക്തമാക്കി. നോൺ ഇലക്ട്രിക് ടെക്നോളജി ഉപയോഗിച്ച് പാറപൊട്ടിച്ചാൽ വൈബ്രേഷൻ കുറയ്ക്കാൻ സാധിക്കുമെന്നും അതുമൂലം മണ്ണൊലിപ്പും, മണ്ണൊലിപ്പുമൂലമുണ്ടാകുന്ന ഉരുൾപൊട്ടലും തടയാനാവുമെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### സംസ്ഥാനത്തിന് പുറത്തേയ്ക്കുള്ള കരിങ്കല്ല്/ കരിങ്കല്ല് ഉത്പന്നങ്ങളുടെ ഗതാഗതം

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കരിങ്കല്ല്/കരിങ്കല്ല് ഉത്പന്നങ്ങൾ എന്നിവ അയൽസംസ്ഥാനങ്ങളിലേക്ക് വിൽപ്പന നടത്താറുണ്ട്. മിനറൽ ട്രാൻസിറ്റ് പാസ്സുകൾ പരിശോധിച്ചതിൽ ആകെ തയ്യാറാക്കിയിട്ടുള്ള 58.2 ലക്ഷം പാസ്സുകളിൽ ഉദ്ദേശ്യം 25,000 പാസ്സുകളുടെ ലക്ഷ്യസ്ഥാനം തമിഴ്നാടെന്നും ഉദ്ദേശ്യം 850 പാസ്സുകളുടെ ലക്ഷ്യസ്ഥാനം കർണ്ണാടകമെന്നും രേഖപ്പെടുത്തിയിട്ടുള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അറിയിച്ചു. സ്ഥിതി വിവര കണക്കുകൾ പ്രകാരം ആകെ ഒരു വർഷം ഗതാഗതം ചെയ്യുന്ന കരിങ്കല്ലിന്റെ /കരിങ്കല്ല് ഉത്പന്നങ്ങളുടെ 0.5% മാത്രമാണ് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഗതാഗതം ചെയ്യപ്പെടുന്നത് എന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

### കരിങ്കൽ ക്വാറികളും ഉരുൾപൊട്ടലും

2019-ലെ അതിതീവ്ര മഴയിൽ 65 ഉരുൾപൊട്ടലുകൾ ഉണ്ടായെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ക്വാറികളിലെ പ്രവർത്തനം മൂലമാണ് ഇവ സംഭവിച്ചതെന്ന് മാധ്യമങ്ങൾ

റിപ്പോർട്ട് ചെയ്യുന്നു. 2017-ൽ 'Mapping of granite quarries in Kerala, India: A Critical mapping initiative' എന്ന പേരിൽ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ (KFRI) ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പ്രബന്ധം Google Earth/ Map നോക്കി കേരളത്തിലെ പാറ ഖനനം മൂലമുണ്ടായ കുഴികളുടെ എണ്ണം എടുത്താണ് കേരളത്തിൽ 5924 പാറമടകൾ ഉണ്ടെന്ന നിഗമനത്തിലെത്തിയിട്ടുള്ളതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. വർഷങ്ങളായി കേരളത്തിൽ നടന്നിട്ടുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കുമുള്ള പാറ കേരളത്തിൽ നിന്നു തന്നെ ഖനനം ചെയ്തെടുത്തിട്ടുള്ളതാണ്. 1766-ൽ കേരളത്തിൽ നിർമ്മിച്ച പാലക്കാട്ട് കോട്ട കരിങ്കൽ നിർമ്മിതമാണ്. ആയതിനാൽ കേരളത്തിൽ 5924 പാറക്വാറികൾ ഉണ്ടായിരുന്നുവെന്ന് പറയുന്നതിൽ തെറ്റില്ല. എന്നാൽ ഇത്രയും ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കുന്നു എന്ന രീതിയിൽ മാധ്യമങ്ങളിൽ വന്ന വാർത്ത തെറ്റാണെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. ഇക്കാര്യം ഒരു പത്ര പ്രസ്താവനയായി ഇറക്കിയിട്ടുണ്ടെന്നും ആയതിന്റെ ഉപസംഹാരത്തിൽ താഴെപ്പറയുന്ന പ്രകാരം കൊടുത്തിട്ടുള്ളതാണെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.'This work presents the raw information on granite quarries in Kerala. Relying on remotely sensed data, it was impossible to ascertain whether a particular quarry is functional or not. The data generated needs to be updated....'

ക്വാറികൾ പ്രവർത്തിക്കുന്നത് അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ്. 2015 മുതൽക്കാണ് മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും എല്ലാ ക്വാറികൾക്കും നിർബന്ധമാക്കിയത്. ക്വാറികൾ തുടങ്ങുന്നത് മുതൽ ക്വാറികൾ പ്രവർത്തനം അവസാനിപ്പിക്കുന്നതുവരെയുള്ള പ്രവർത്തന രീതി മൈനിംഗ് പ്ലാനിൽ ഉണ്ടായിരിക്കണം. കേരളത്തിലെ ക്വാറികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ജിയോളജി വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ (KOMPAS) ലഭ്യമാണെന്നും. ഓരോ ക്വാറിയുടെയും മാപ്പും വിസ്തീർണ്ണവും അതിർത്തിയും അതിൽ ലഭ്യമാണെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

## ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ

സംസ്ഥാനത്ത് പാറക്വാറികളുമായി ബന്ധപ്പെട്ട് പരിസ്ഥിതി സമിതിക്ക് ലഭിച്ച പരാതികളിൽ ഭൂരിപക്ഷവും ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഏതാനും ജില്ലകളിലൊഴികെ ഭരണസമിതിയുടെ ആദ്യ യോഗംപോലും ചേർന്നിട്ടില്ല. കോടിക്കണക്കിന് തുക ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ഫണ്ടിൽ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു.

1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം ഖനനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾമൂലം പ്രയാസങ്ങൾ നേരിടുന്ന ഓരോ ജില്ലയിലും അപ്രകാരമുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളുടെയും അവിടുത്തെ ജനങ്ങളുടേയും ക്ഷേമവും താൽപ്പര്യവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നിർണയിക്കുന്ന പ്രകാരം സർക്കാരിന്റേതായി ഒരു ലാഭരഹിത ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ സ്ഥാപിക്കേണ്ടതാണ് . സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ആക്ടിലെ 9 ബി വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ഇതിൻപ്രകാരം 2018-ലെ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ 2018 മേയ് മാസം 22-ന് സംസ്ഥാനത്ത് നിലവിൽ വരികയുണ്ടായി (എസ്.ആർ.ഒ. നമ്പർ 326/18).

ശാശ്വത പിന്തുടർച്ചയോടും പൊതു മുദ്രയോടുംകൂടിയ ഒരു ലാഭരഹിത ട്രസ്റ്റ് ആണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ. ഭരണസമിതി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ ഉൾപ്പെടുന്നതാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ.

സംസ്ഥാന സർക്കാർ നിർദ്ദേശിക്കും പ്രകാരം ജില്ലയിലെ ഖനനാനുബന്ധ പ്രവർത്തനങ്ങൾമൂലം ബാധിക്കപ്പെട്ട ആളുകളുടെയും പ്രദേശങ്ങളുടെയും ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുക എന്നതാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന്റെ ഉദ്ദേശ്യങ്ങൾ. അപ്രകാരമുള്ള ഉദ്ദേശ്യങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

- ഖനനബാധിത പ്രദേശങ്ങളിൽ വിവിധ പരിഹാര പ്രവർത്തനങ്ങൾ ക്ഷേമ വികസന പ്രോജക്ടുകൾ/ പദ്ധതികൾ എന്നിവ നടപ്പിലാക്കുക
- ഖനനാനുബന്ധ പ്രവർത്തനങ്ങൾ ബാധിത പ്രദേശങ്ങളിലെ പരിസ്ഥിതി മേഖലയിലും ആവാസമേഖലയിലും ഖനന ബാധിത പ്രദേശങ്ങളിലെ ആളുകളുടെ ആരോഗ്യ സാമൂഹ്യ സാമ്പത്തിക കാര്യങ്ങളിലും, ഖനന കാലയളവിലും അതിനുശേഷവും ഉണ്ടാകാവുന്ന പ്രതികൂലമായ ആഘാതങ്ങളെ കുറയ്ക്കുകയോ പരിഹരിക്കുകയോ ചെയ്യുക;
- പ്രവർത്തിക്കുന്നതും ഉപേക്ഷിക്കപ്പെട്ടതുമായ ഖനികളിലെ സുരക്ഷ ഉറപ്പുവരുത്തുക.

ജില്ലാ കളക്ടറാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന്റെ ചെയർപേഴ്സൺ. ഭരണസമിതിയിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള ലീസ്/പെർമിറ്റ് ഉടമകൾ അവർ ഒടുക്കിയ റോയൽറ്റി/ കൺസോളിഡേറ്റഡ് റോയൽറ്റിയുടെ പത്ത് ശതമാനം ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷനിൽ അടയ്ക്കേണ്ടതാണ്. ഫണ്ടിൽ നിന്നുള്ള വരുമാനം ബാധിത പ്രദേശങ്ങളിലെ ജനങ്ങളുടെ നേരിട്ടുള്ള ക്ഷേമത്തിനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഭൗതിക പ്രവർത്തനങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി മാത്രം വിനിയോഗിക്കേണ്ടതും ഇതിൽ ഉപേക്ഷിക്കപ്പെട്ട ഖനികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനാവശ്യമായ ചെലവുകൾ ഉൾപ്പെടുന്നതുമാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്ന സാധാരണ പ്രവൃത്തികൾക്കും പദ്ധതികൾക്കും ഉപരിയായുള്ള അധിക പ്രവൃത്തികൾക്കാണ് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ധനസഹായം ലഭിക്കുന്നത്. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന്റെ അധികാരങ്ങൾക്ക് ഭംഗം വരാതെ, സംസ്ഥാന, ജില്ലാ പ്ലാനുകൾ, എന്നിവയും ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഏറ്റെടുക്കുന്ന പദ്ധതികളും പൂരകമായി കണക്കാക്കേണ്ടതും ഫൗണ്ടേഷൻ ചെലവാക്കുന്ന ഫണ്ട് സംസ്ഥാന, ജില്ലാ പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന പദ്ധതി ഫണ്ടിന്റെ അധിക ഫണ്ടായി കണക്കാക്കാവുന്നതുമാണ്.

ഖനനാനുബന്ധ പ്രവർത്തനങ്ങളായ എക്സ്കവേഷൻ, മൈനിങ്, ബ്ലാസ്റ്റിങ് എന്നിവ നടത്തുന്ന സ്ഥലങ്ങൾ, ക്രഷിങ്, മാലിന്യ നിർമ്മാർജ്ജനം, മേൽമണ്ണ് കൂട്ടിയിടൽ തുടങ്ങിയ ബെനിഫിസീയേഷൻ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, റ്റെയിലിങ് പോണ്ട്, ട്രാൻസ്പോർട്ട് കോറിഡോറുകൾ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ എന്നിവക്ക് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന്റെ ധനസഹായം ലഭിക്കുന്നതാണ്.

ഗുണഭോക്താക്കളുടെ പട്ടിക, നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പട്ടിക ഗ്രാമസഭയോ വാർഡ് കമ്മിറ്റിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഗുണഭോക്താക്കളുടെ പട്ടികയും നടപ്പിലാക്കേണ്ടുന്ന പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സിറ്റിംഗുകളിൽ പരിഗണിക്കേണ്ടതും അവ അർഹതയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതും അത് ബന്ധപ്പെട്ട ജില്ലയിലെ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷന് അയച്ചുകൊടുക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ബാധിത പ്രദേശങ്ങൾ ഭരണസമിതി നിശ്ചയിക്കുന്നതാണ്. ഖനികളും ക്വാറികളും മുഖേന ബാധിക്കപ്പെട്ട പ്രദേശങ്ങളുടെയും ഗുണഭോക്താക്കളുടെയും ഏറ്റവും പുതിയ പട്ടിക, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതും, സൂക്ഷിക്കേണ്ടതും വർഷംതോറും ഏപ്രിൽ മാസം ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

ഖനനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾമൂലം ബാധിക്കപ്പെട്ട ആളുകളുടെയും പ്രദേശങ്ങളുടെയും താത്പര്യത്തിനും ക്ഷേമത്തിനുംവേണ്ടി ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ പ്രവർത്തിക്കേണ്ടതാണ്. അനുവദനീയമായ പ്രവർത്തികളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

i. കേന്ദ്രീകൃത ജലശുദ്ധീകരണ സംവിധാനം, ജലശുദ്ധീകരണ പ്ലാന്റുകൾ, സ്ഥിരമോ താൽക്കാലികമോ ആയ ജലവിതരണ ശൃംഖല, പൈപ്പുകളിലൂടെയുള്ള ജലവിതരണം എന്നിവ ഉൾപ്പെടുന്ന കുടിവെള്ള വിതരണം;

ii. ബാധിതമേഖലകളിലെ പ്രദേശങ്ങളിൽ മലിനീകരണ നിയന്ത്രണ നടപടികൾ;

iii. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം മുതലായവ നൽകുക;

iv. സ്ത്രീകൾക്കും കുട്ടികൾക്കും പ്രായമായവർക്കും അംഗവൈകല്യം സംഭവിച്ചവർക്കും വേണ്ട ക്ഷേമ പ്രവർത്തനങ്ങൾക്കും വിനോദ ഉപാധികൾക്കുമുള്ള ക്രമീകരണം;

v. തൊഴിൽ നൈപുണ്യ വികസനം നടപ്പിലാക്കുക, സ്വയംസഹായ സംഘങ്ങൾക്ക് പിന്തുണ നൽകുക;

vi. ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ ശരിയായ ശുചീകരണ സൗകര്യങ്ങൾ ലഭ്യമാക്കുക;

vii. ഖനനാനുബന്ധ പ്രവർത്തനങ്ങൾമൂലം തകരാറിലായ പരിസ്ഥിതിയെ വനവൽക്കരണം ഉൾപ്പെടെയുള്ള ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൊണ്ട് പൂർവ്വസ്ഥിതിയിലാക്കുക;

viii. ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ ആവശ്യമായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക;

ix. കൃഷി, ഉദ്യാനപരിപാലനം, പാൽ ഉൽപ്പാദനം, മൃഗസംരക്ഷണം മുതലായവയ്ക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുക;

x. ഖനനാനുബന്ധ പ്രവൃത്തികൾമൂലം തൊഴിൽ നഷ്ടപ്പെട്ട വ്യക്തികൾക്ക് മറ്റ് തൊഴിലുകൾ നൽകുക;

xi. ഖനി അപകടങ്ങൾ, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ എന്നിവ മൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്ന പക്ഷം നഷ്ടപരിഹാരം നൽകുക;

xii. ഖനനം മൂലമുള്ള ആഘാതം ഉണ്ടാകാനിടയുള്ള പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ നടപടികൾ സ്വീകരിക്കുക;

xiii. കൃഷി സ്ഥലങ്ങളിലെ മണ്ണിന്റെ ഫലപുഷ്ടി വീണ്ടെടുക്കുകയും കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക;

xiv. ബാധിക്കപ്പെട്ട ആളുകളെ പാരിസ്ഥിതികാഘാതങ്ങളിൽ നിന്നും സംരക്ഷിക്കുക;

xv. ജലസേചന സ്രോതസ്സുകൾ വികസിപ്പിക്കുക;

xvi. മഴവെള്ള സംഭരണവും മറ്റ് ഊർജ്ജസ്രോതസ്സുകളുടെ വികസനവും;

xvii. സ്ഥിരഖനന പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണ സ്റ്റേഷനുകൾ സ്ഥാപിക്കുക;

xviii. ഖനനാനബന്ധ പ്രവർത്തനങ്ങൾമൂലം ദുരിതമനഭവിക്കന്നവർക്കുവേണ്ടി സാമൂഹ്യക്ഷേമ പദ്ധതികൾ രൂപവൽക്കരിക്കുക;

xix. ഉപേക്ഷിക്കപ്പെട്ട ഖനികളുടെ ചുറ്റും വേലികെട്ടുന്നത് ഉൾപ്പെടെയുള്ള സുരക്ഷാ നടപടികൾ ഉറപ്പാക്കുക;

xx. ഉപേക്ഷിക്കപ്പെട്ട ഖനികൾ പുനഃരുപയോഗപ്രദമാക്കുക;

xxi. ബാധിതപ്രദേശങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക;

xxii. പ്രവർത്തിക്കുന്നതും ഉപേക്ഷിക്കപ്പെട്ടതുമായ ക്വാറികളിലെ അപകടങ്ങൾക്ക് ഇരയായവർക്ക് സഹായം നൽകുക എന്നിവ ഉൾപ്പെടുന്നു.

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രധാന കർത്തവ്യങ്ങൾ**

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രധാന കർത്തവ്യങ്ങൾ രണ്ടായി തരം തിരിക്കാം.

(1) ഖനനം ചെയ്യുവാനുതകുന്ന ധാതുക്കൾ കണ്ടെത്തുന്നതിനായുള്ള പര്യവേക്ഷണം.

(2) ധാതുക്കൾ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അനുമതി നൽകൽ.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 1946-ൽ സ്ഥാപിച്ചത് മുതൽ ധാതു പര്യവേക്ഷണത്തിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. 1957-ൽ കേന്ദ്രസർക്കാർ മൈൻസ് ആന്റ് മിനറൽസ് (റഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്ട് നിർമ്മിക്കുകയും തുടർന്ന് കേരള സർക്കാർ 1967-ൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിർമ്മിക്കുകയും ചെയ്തതിനെ തുടർന്ന് വൻകിട ധാതുക്കൾക്കും ചെറുകിട ധാതുക്കൾക്കും ഖനനാനുമതി നൽകുന്ന കർത്തവ്യം വകുപ്പിൽ നിക്ഷിപ്തമായി. തുടർന്ന് വികസന കാര്യങ്ങൾക്ക് ചെറുകിട ധാതുക്കളുടെ ഉപയോഗം കൂടുകയും ചെയ്ത സാഹചര്യത്തിൽ 1975-ൽ നാല് റീജിയണൽ ഓഫീസുകൾ തുടങ്ങുകയും പിന്നീട് ജില്ലാ ഓഫീസുകളും സ്ക്വാഡ് ഓഫീസുകളും ആരംഭിക്കുകയുമുണ്ടായത്. ഏറ്റവും ഒടുവിൽ 1997-ൽ റീജിയണൽ ഓഫീസ് നിർത്തലാക്കി 6 പുതിയ ജില്ലാ ഓഫീസുകൾ സ്ഥാപിതമായതോടെ വകുപ്പിന് എല്ലാ ജില്ലകളിലും ഒരു ഓഫീസ് വരുകയും 2010-ൽ ചേർത്തലയിലെ സ്പെഷ്യൽ ഓഫീസ് നിർത്തലാക്കി സെൻട്രൽ സ്ക്വാഡ് ആരംഭിച്ചതോടെ വകുപ്പ് 14 ജില്ലാ ഓഫീസും 3 റീജണൽ സ്ക്വാഡും ഉള്ള ഇപ്പോഴത്തെ സ്ഥിതിയിൽ ആകുകയും ചെയ്തു. എന്നാൽ 1997-ന് ശേഷം വകുപ്പിൽ പുതിയ തസ്തികകൾ ഒന്നും രൂപീകരിച്ചിട്ടില്ല. ഐക്യരാഷ്ട്ര സംഘടനയുടെ സഹായത്തോടെ സ്ഥാപിതമായ കേരളാ മിനറൽ എക്സ്പ്ലോറേഷൻ ഡെവലപ്മെന്റ് പ്രൊജക്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പുമായി

ബന്ധപ്പെട്ട് നടപ്പിലാക്കിയതോടെ കേരളത്തിലെ പ്രധാന ധാതുക്കളുടെ സ്രോതസ്സ് വകുപ്പ് തിട്ടപ്പെടുത്തുകയുണ്ടായതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു. തുടർന്നിങ്ങോട്ട് വകുപ്പിന്റെ മുഖ്യകർത്തവ്യം ഖനനാനുമതി നൽകലും അനധികൃത ഖനനം തടയലുമായി മാറി.

കേരളത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ദക്ഷിണ മേഖല, മധ്യ മേഖല, ഉത്തര മേഖല (കേരള മിനറൽ സ്ക്വാഡ്) സ്ക്വാഡുകളാണുള്ളത്. ദക്ഷിണ മേഖല സ്ക്വാഡ് 5 തെക്കൻ ജില്ലകൾക്കും, മധ്യ മേഖലാ സ്ക്വാഡ് 4 ജില്ലകൾക്കും ഉത്തര മേഖലാ സ്ക്വാഡ് 5 വടക്കൻ ജില്ലകൾക്കുമായി പ്രവർത്തിക്കുന്നു. അധികാര പരിധിയുടെ വ്യാപ്തിയും ജീവനക്കാരുടെ എണ്ണക്കുറവും സ്ക്വാഡുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. 1-1-2019 മുതൽ 184 അനധികൃത ഖനന പ്രവർത്തനങ്ങൾ മൈനിംഗ് &ജിയോളജി വകുപ്പ് കണ്ടെത്തി നിർത്തിവയ്പ്പിച്ചിട്ടുണ്ടെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

## കേരളത്തിലെ ധാതുലഭ്യതയും ധാതുഖനനവും

കേരളം ധാതുക്കളാൽ സമ്പന്നമായ ഒരു സംസ്ഥാനമല്ല. കടൽ തീരത്ത് കാണുന്ന കരിമണൽ, ചേർത്തല ഭാഗത്തുകാണുന്ന സിലിക്കാ മണൽ, തിരുവനന്തപുരം ജില്ലയിൽ കാണുന്ന ചൈനാ ക്ലേ എന്നിവ ഒഴിവാക്കിയാൽ മറ്റ് വ്യാവസായിക പ്രാധാന്യമുള്ള ധാതുക്കളുടെ ലഭ്യത കേരളത്തിൽ കുറവാണ്. എന്നാൽ ചെറുകിട ധാതുക്കളായ കരിങ്കല്ല്, വെട്ടുകല്ല് മുതലായവ കേരളത്തിൽ വികസന പ്രവർത്തികൾക്കായി വൻതോതിൽ ഖനനം ചെയ്യുവരുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ആറ്റുമണൽ ഖനനം നിർത്തലാക്കിയതോടെ കേരളത്തിൽ പാറപൊട്ടിച്ച് മണലാക്കുന്ന വ്യവസായം വർദ്ധിക്കുകയുണ്ടായി. മേൽ സാഹചര്യം അനധികൃത ഖനനം കൂട്ടുവാനും ഇടയാക്കി. നിയമപരമായും അനധികൃതമായും നടത്തുന്ന ഖനനം പരാതികൾക്കും കോടതി വ്യവഹാരങ്ങൾക്കും, വഴിതെളിച്ചു.

ഖനനം ചെയ്തു നീക്കിയ ധാതുവിന്റെ അളവ് ടേപ്പ് ഉപയോഗിച്ച് എടുക്കുന്നതിൽ പരിമിതികളുള്ളതിനാലും ദുർഘടമായതിനാലും പലപ്പോഴും തെറ്റായ ഡിമാന്റ് നോട്ടീസുകൾ നൽകുന്നതിന് ഇടവരാറുണ്ട്. ഇപ്രകാരം അളന്ന് നൽകുന്ന അളവ് അപ്പീൽ നൽകുമ്പോഴും കോടതിയിൽ കേസ് നൽകുമ്പോഴും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. സമയബന്ധിതമായി അളവ് എടുക്കുന്നില്ലായെങ്കിൽ ഖനനം ചെയ്ത ഭാഗം മണ്ണിട്ട് മൂടുവാൻ സാധ്യതയുമുണ്ട്. തൻമൂലം സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി ലഭിക്കാതെ വരുകയും ചെയ്യും. ഈ കാരണങ്ങളാൽ 2 ഓഫീസുകൾക്ക് ഒരു സർവ്വേ ടീം (സർവ്വേയറും ഒരു സഹായിയും) ലഭ്യമാക്കിയാൽ കൃത്യമായ റോയൽറ്റി സർക്കാരിന് ലഭിക്കുകയും അധികമായ ഖനനം സംബന്ധിച്ച സംഗതികളിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുവാനും സാധിക്കുമെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചു.

### സ്ക്വാഡുകളുടെ പ്രവർത്തനം

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ സ്ക്വാഡുകളുടെ പ്രധാന ജോലി അനധികൃത ധാതുഖനനവും സംഭരണവും കടത്തലും തടയുക എന്നുള്ളതാണ്. 14 ജില്ലകൾക്കായി 3 സ്ക്വാഡുകളാണ് നിലവിലുള്ളത്. വകുപ്പിന്റെ പോർട്ടലിൽ തന്നെ 50000 ത്തിൽ കൂടുതൽ വാഹനം എൻറോൾ ചെയ്തിട്ടുള്ളതും ദിവസം ഏകദേശം 20000 ലോഡ് ധാതുക്കൾ ഗതാഗതം ചെയ്യുന്നതുമാണ്. ഇതു കൂടാതെ അനധികൃതമായും ധാതുക്കൾ ഗതാഗതം ചെയ്യുന്നുണ്ട്. മേൽ സാഹചര്യത്തിൽ നാലോ അഞ്ചോ ജില്ലക്ക് ഒരു സ്ക്വാഡ് എന്ന നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്തി ഒരു ജില്ലയിൽ ഒരു സ്ക്വാഡ് നിലവിൽ വന്നാലേ ഫലപ്രദമായി സ്ക്വാഡ് പ്രവർത്തനം നടത്തുവാൻ സാധിക്കുകയുള്ളൂ.

ജില്ലാ ഓഫീസുകളുടെ പ്രവർത്തനം, സ്ക്വാഡ് ഓഫീസുകളുടെ പ്രവർത്തനം മുതലായവ പരിശോധിക്കുവാൻ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് കഴിയാതെ വരുന്നതിനാൽ പല ജില്ലാ ഓഫീസുകളുടേയും പ്രവർത്തനം ശരിയായ രീതിയിൽ അല്ല എന്ന് സമിതി നിരീക്ഷിയ്ക്കുന്നു. ജില്ലാ ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ നിർദ്ദേശം നൽകുന്നതിനും ഉയർന്ന ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമാണ്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ലോ ഓഫീസർ നിലവിലില്ല. ഒരു ലോ ഓഫീസറെ ഡെപ്യൂട്ടേഷനിൽ നിയമിച്ചാൽ വകുപ്പിന്റെ കേസ്സുകൾ വളരെ നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കും.

### സർക്കാർ പുറമ്പോക്കിലെ ധാതുഖനനം

സർക്കാർ പുറമ്പോക്കിലെ ധാതുഖനനം പൊതുമേഖലയിലാക്കുന്നത് സംബന്ധിച്ച തീരുമാനം റവന്യൂ വകുപ്പാണ് കൈക്കൊള്ളേണ്ടത്. സർക്കാർ പുറമ്പോക്കിന്റെ കാര്യത്തിൽ റവന്യൂ വകുപ്പിൽ നിന്നും ജില്ലാ കളക്ടർ അനുവദിക്കുന്ന നിരാക്ഷേപ പത്രത്തിന്റെ (NOC) അടിസ്ഥാനത്തിലാണ് ജിയോളജി വകുപ്പിൽ നിന്നുള്ള ഖനനാനുമതിയും SEIAA യിൽ നിന്നും പാരിസ്ഥിതികാനുമതിയും അനുവദിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തിന് ലീസ് അനുവദിക്കുന്ന സംഗതിയിലും ജില്ലാ കളക്ടറുടെ NOC യും പാരിസ്ഥിതികാനുമതിയും ആവശ്യമാണ്. ഈ സാഹചര്യത്തിൽ ഏതു പൊതുമേഖലാ സ്ഥാപനത്തിന് NOC നൽകണമെന്ന കാര്യത്തിൽ റവന്യൂ വകുപ്പിൽ നിന്നും തീരുമാനം ഉണ്ടാകേണ്ടതുണ്ട്.

### സമിതിയുടെ നിരീക്ഷണങ്ങൾ

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ സർവ്വേയറോ സർവ്വേയുള്ള നൂതന സാങ്കേതിക വിദ്യകളോ ലഭ്യമല്ല. നൂതന സാങ്കേതിക വിദ്യകളായ ഡ്രോൺ മാപ്പിംഗ്, GPS Based vehicle movement tracking എന്നിവയുടെ സഹായത്തിൽ റവന്യൂ വരുമാനത്തിലെ ചോർച്ച ഗണ്യമായി കുറയ്ക്കാവുന്നതാണ്. പാറപ്പൊട്ടിച്ച് മാറ്റുമ്പോഴും

മണ്ണെടുക്കുമ്പോഴും മണ്ണ് നിക്ഷേപിക്കുമ്പോഴും ഇത്തരം പ്രവർത്തനങ്ങൾ ഭൂജലസ്രോതസ്സുകളെ ഏതെല്ലാം രീതിയിൽ ബാധിക്കുന്നു എന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല എന്നത് സമിതി ഗൗരവമായി കാണുന്നു.

ക്വാറി ലൈസൻസ് വ്യക്തിക്ക് കൊടുക്കുന്നതിന് പകരം സർക്കാർ ഏജൻസികൾ വഴി ഖനനം നടത്താനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ക്വാറികളും ജനവാസകേന്ദ്രങ്ങളും തമ്മിലുള്ള അകലം വർദ്ധിപ്പിക്കണമെന്ന പൊതുവായ ആവശ്യം പരിഗണിക്കപ്പെടേണ്ടതാണ്. ശാസ്ത്രീയമായ രീതിയിലുള്ള മോഡേൺ മൈനിംഗ് ടെക്നോളജിയുടെ ഉപയോഗം (ഓരോ ഏരിയയിലെയും ജിയോളജി പഠിച്ച് അതിന് യോജിച്ച) നടപ്പിൽ വരുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. സൈറ്റ് ഇൻസ്പെക്ഷൻ, നിരീക്ഷണ സമിതികൾ, പ്രാദേശിക നിരീക്ഷണ സമിതികൾ എന്നിവയുടെ രൂപീകരണവും കാര്യക്ഷമമായ പ്രവർത്തനവും പരാതികൾ പരിഹരിക്കുന്നതിന് സഹായകരമാകും. സുരക്ഷ സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി (കേന്ദ്ര സർക്കാർ) നിഷ്കർഷിക്കുന്ന നിയന്ത്രണങ്ങൾ ക്വാറി ഉടമ പാലിക്കേണ്ടതുണ്ട്. ആയതിന് നിർദ്ദിഷ്ട യോഗ്യതയുള്ള മൈൻസ് മാനേജർ, ബ്ലാസ്റ്റ്സ്മാൻ എന്നിവരെ നിയമിക്കേണ്ടതുണ്ട്. കേരളത്തിൽ ഒരു കോളേജോ പോളിടെക്നിക്കോ മൈനിംഗ് എഞ്ചിനീയറിങ്ങിൽ കോഴ്സുകൾ നടത്തുന്നില്ല. പെർമിറ്റ് നൽകുമ്പോൾ തന്നെ ഖനന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ/നാശനഷ്ടങ്ങൾ ഇവ പരിഹരിക്കുന്നതിനുള്ള സെക്യൂരിറ്റി ഉടമകളിൽ നിന്നും ഈടാക്കാൻ നിലവിൽ വ്യവസ്ഥയില്ല.

2019-ലെ ഉരുൾപൊട്ടലിനും പ്രളയത്തിനും ശേഷം ക്വാറികളെ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. വയനാട്, കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിൽ നിന്നാണ് പരാതികൾ കൂടുതലായി ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ മാത്രം കഴിഞ്ഞ രണ്ടുവർഷത്തിനിടെ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഖനനം നടക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനം അടുത്ത പ്രദേശങ്ങളിലുള്ള മണ്ണിന് ഇളക്കം തട്ടുമെന്നതിന് തർക്കമൊന്നുമില്ലായെങ്കിലും പാറപൊട്ടിക്കുന്നത് മൂലമാണ് കേരളത്തിൽ ഉരുൾപൊട്ടലുണ്ടാകുന്നത് എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്നിവപോലെ ജിയോളജിയിൽ വൈദഗ്ധ്യമുള്ള ഒരു ഏജൻസി വഴി പഠന വിധേയമാക്കേണ്ടതുണ്ട്. കേരളത്തിലെ പാറ ക്വാറികളുടെയും അവയിലുള്ള പാറകളുടെയും കണക്കും, എടുക്കാവുന്ന പാറയുടെ കണക്കും, എടുക്കാൻ പാടില്ലാത്ത പാറയുടെ അളവും, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ എണ്ണവും, ഉപേക്ഷിക്കപ്പെട്ടവയിൽ പുനരുപയോഗം നടത്താൻ കഴിയുന്ന ക്വാറികളുടെ എണ്ണവും ഇനി അവശേഷിക്കുന്ന ക്വാറികളുടെയും അവയിൽ ഉള്ള പാറയുടെ അളവും സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കുന്ന സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ ജീവിത വികസനത്തിന് അവശ്യംവേണ്ട പ്രകൃതി വിഭവമാണ് പാറ. പാറയുൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളെ ഏത് രീതിയിൽ ഇതുവരെ സമീപിച്ചിരുന്നുവോ ആ രീതി തുടരാനാവില്ലെന്നാണ് സമിതിയുടെ അഭിപ്രായം. പ്രകൃതിയെ സംരക്ഷിക്കാനാകുന്ന വിധം ലഭ്യമായ പ്രകൃതിവിഭവങ്ങളുടെ അളവനുസരിച്ച് മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതപ്പെടുത്തണമെന്ന പാരിസ്ഥിതിക ചിന്ത പൊതുസമൂഹത്തിന് ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

പാറഖനനംമൂലം സർക്കാരിന് ഉണ്ടാകുന്ന വരുമാനത്തേക്കാൾ പതിന്മടങ്ങ് ലാഭം ക്വാറി ഉടമകൾ ഉണ്ടാക്കുന്നുണ്ട് എന്ന് സമിതി നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഭൂമിയിലെയും സ്വകാര്യ ഭൂമിയിലേയും ക്വാറികൾ നിയമവിധേയമായി പ്രവർത്തിക്കാൻ അനുവാദം നൽകുമ്പോൾ തന്നെ സർക്കാരിലേക്ക് വിവിധ ഇനങ്ങളിൽ അടയ്ക്കേണ്ടതായ പരിമിതമായ തുക വിവിധ വകുപ്പുകൾ വഴി അടയ്ക്കപ്പെടുന്നുണ്ട്. എന്നാൽ ക്വാറികളിൽ നിന്ന് എടുക്കുന്ന പാറയുടെ അളവിനോ പാറയുടെ വിലയ്ക്കോ സർക്കാർ നിയന്ത്രണങ്ങൾ ഇല്ലാത്തതുമൂലം അനിയന്ത്രിതമായ ഖനനത്തിനും വില നിശ്ചയിക്കുന്നതിനും പാറ ലോബികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതവും പൊതു സമൂഹത്തിനുണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളും സമിതി ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ക്വാറികളിൽ നിന്ന് എടുക്കുന്ന പാറയുടെ അളവിനും അതിന്റെ വില തീരുമാനിക്കുന്നതിനും സർക്കാരിന്റെ ഇടപെടൽ കർശനമായും ഉണ്ടാകണം.

പാറഖനനം പൊതു സമൂഹത്തിന് നൽകുന്ന ദുരിതങ്ങൾ ചെറുതല്ല എന്ന് സമിതി മനസ്സിലാക്കുന്നു. വായു മലിനീകരണം, ശബ്ദ മലിനീകരണം എന്നിവ സംബന്ധിച്ച് സാമൂഹ്യ ജീവിതത്തിന് . ദീർഘകാല പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് 1981-ലെ കേന്ദ്ര നിയമമായ The Air (Prevention and Control of Pollution) Act പ്രകാരവും The Noise Pollution (Regulation and Control) Rules 2 എന്ന കേന്ദ്രചട്ട പ്രകാരവുമാണ്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡുകളാണ് ഇവ നടപ്പിലാക്കേണ്ടത്. വായു, ശബ്ദം, വെള്ളം എന്നിവയുടെ മലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച നിബന്ധനകൾ അടങ്ങിയിട്ടുള്ള പാരിസ്ഥികാനുമതിയുടെ അടിസ്ഥാനത്തിലാണ് ഖനനാനുമതി നൽകേണ്ടത്. എന്നാൽ 6 മാസം കൂടുമ്പോൾ നൽകേണ്ട EIA നോട്ടിഫിക്കേഷൻ പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളോ എൻവയൺമെന്റൽ സ്റ്റേറ്റ്മെന്റുകളോ നൽകാത്ത പാറലോബികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാകുന്നില്ല. ഖനനം പാരിസ്ഥിതികാഘാതം സൃഷ്ടിക്കുമെന്ന് മാത്രമല്ല അത്

ഉണ്ടാക്കുന്ന സാമൂഹ്യ ,സാമ്പത്തിക പ്രശ്നങ്ങൾ ഏറെയാണ്. മനുഷ്യന്റെ പൂർണ്ണമായ ശാരീരിക-മാനസിക-സാമൂഹ്യ സുസ്ഥിരാവസ്ഥയാണ് ആരോഗ്യം. ഖനന പ്രവർത്തനങ്ങൾ പലപ്പോഴും സമീപവാസികളെ അനാരോഗ്യരാക്കാൻ കാരണമാകുന്നു.

കേരളത്തിൽ പാറക്വാറികളുടെ ഖനന പ്രവർത്തനം സമ്പൂർണ്ണമായി അവസാനിപ്പിക്കണമെന്ന അഭിപ്രായം സമിതിക്കില്ല. പാറഖനനം സർക്കാരിന് വരുമാനം ഉണ്ടാക്കുന്നതോടൊപ്പം ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരവുമാണെന്ന കാര്യം സമിതി വിസ്മരിക്കുന്നില്ല. പാറഖനനം സമീപവാസികളായ ജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനും അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനും നിർമ്മാണമേഖലയ്ക്ക് ഉണർവ്വേകുന്നതിനും സഹായകരമാകുന്നു. പാറഖനനവും പാറ ഉൽപ്പന്നങ്ങൾ കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുംമൂലം ഗ്രാമീണ മേഖലയിലെ സമ്പദ്ഘടന നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം കാണേണ്ടത് തന്നെയാണ്.

ഡീലേഴ്സ് ലൈസൻസ് ഫീസ്, കൺസോളിഡേറ്റഡ് റോയൽറ്റി എന്നീ ഇനങ്ങളിൽ വർദ്ധനവ് വരുത്തിയാൽ പാറ ഉൽപ്പന്നങ്ങളുടെ വിലയിലും വർദ്ധനവ് വരുത്താവുന്നതാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ഖനന പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള എല്ലാ നിരക്കുകളും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതും പാറ ഉൽപ്പന്നങ്ങൾക്ക് സർക്കാർ വില നിയന്ത്രണം ഏർപ്പെടുത്തേണ്ടതുമാണ്. പാറലോബികൾ സാമ്പത്തിക ശക്തി ആർജ്ജിച്ചതോടെ ദുരന്തങ്ങൾക്ക് ഇരയായവരുടെ പ്രതികരണ ശേഷിയെ കായികമായും ഭീഷണികൾമൂലവും നേരിടാൻ തുടങ്ങിയതോടെയാണ് ക്വാറികൾക്കെതിരെ വ്യാപകമായി ജനവികാരം ഉയർന്നതും നിരന്തര പരാതികൾക്കും കോടതി വ്യവഹാരങ്ങൾക്കും കാരണമായതും.

പുഴമണലിന്റെ ദൗർലഭ്യമാണ് കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കുന്നതിന് വൻകിട ക്രഷർ യൂണിറ്റുകൾ സജീവമാകാൻ ഒരു കാരണം. ക്വാറി ഉടമകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം അവർക്ക് അനുവദിച്ചിട്ടുള്ളതിൽ 40% മാത്രമേ ഖനനം ചെയ്തിട്ടുള്ളുവെന്നാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഓരോ ക്വാറിയും നേരിട്ട് അളന്നാൽ മാത്രമേ യഥാർത്ഥ ചിത്രം വ്യക്തമാകുകയുള്ളു.

പാറക്വാറികൾ മൂലം പൊതുജനങ്ങൾ നേരിടുന്ന നിരവധിപ്രശ്നങ്ങൾക്ക് പരിഹാരമാകാത്തിടത്തോളം ക്വാറി സംബന്ധമായ കോടതികേസ്സുകൾ അനന്തമായി നീണ്ടുപോകുമെന്ന് സമിതി കരുതുന്നു. നിയമാനുസൃതം 5 ലൈസൻസുകൾ ലഭ്യമായാലേ ക്വാറികളിലെ ഖനനപ്രവർത്തനങ്ങൾ അനുവദിക്കുകയുള്ളൂ. ചില പ്രദേശങ്ങളിൽ അനധികൃത ഖനനപ്രവർത്തനങ്ങൾ നടക്കുന്നത് Non-Mining മേഖലകളിലാണ്.

പശ്ചിമഘട്ടത്തിലെ ESA വില്ലേജുകളിലെ നിരോധന പ്രദേശങ്ങൾ, ദേശീയോദ്യാനം, വന്യജീവിസങ്കേതം എന്നിവയുടെ 10 കി.മീ. ചുറ്റളവിലെ Eco-Sensitive Zone-കൾ, ജലസേചന പദ്ധതികളുടെ/ഡാമുകളുടെ ഒരു കിലോമീറ്റർ ചുറ്റളവിലെ പ്രദേശം, SDMA-യുടെ നോട്ടിഫിക്കേഷൻ പ്രകാരം Red Zone ആയി വേർതിരിച്ചിട്ടുള്ള പ്രദേശം, പുഴ, പൊതുനിരത്ത്, പൊതുനിർമ്മിതികൾ എന്നിവയിൽ നിന്നും 50 മീറ്റർ ദൂരം എന്നിങ്ങനെയുള്ള നിയന്ത്രണങ്ങൾ പാലിക്കാത്തവ അനധികൃത ഖനനപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. എന്നാൽ ഈ ചട്ടങ്ങൾ അംഗീകരിച്ച് പ്രവർത്തിക്കുന്ന പല ക്വാറികളും ചിലപ്പോഴൊക്കെ ചട്ടലംഘനം നടത്തുന്നതായും തന്മൂലം അവയ്ക്കെതിരെ സമിതിമുമ്പാകെ പൊതുജനങ്ങൾ നിരവധി നിവേദനങ്ങൾ സമർപ്പിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

ക്വാറികളിലെ ഖനനപ്രവർത്തനം മൂലം ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാകുമ്പോൾ അർഹമായ നഷ്ടപരിഹാരം കിട്ടാറില്ലെന്ന വസ്തുത സമിതിയുടെ പഠനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം ഖനനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂലം പ്രയാസങ്ങൾ നേരിടുന്ന ഓരോ ജില്ലയിലും അപ്രകാരമുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളിലെയും അവിടുത്തെ ജനങ്ങളുടെയും ക്ഷേമവും താല്പര്യവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നിർണ്ണയിക്കുന്ന പ്രകാരം സർക്കാരിന്റേതായ ഒരു ലാഭരഹിത ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഫണ്ട് സ്ഥാപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിലെ വ്യവസ്ഥ പ്രകാരം പ്രവർത്തിക്കുന്നതും ഉപേക്ഷിക്കപ്പെട്ടതുമായ ഖനികളിലെ സുരക്ഷ ഉറപ്പുവരുത്തുക, ഖനനസംബന്ധ പ്രവർത്തനങ്ങൾ, അത് ബാധിക്കുന്ന പ്രദേശങ്ങളിലെ പരിസ്ഥിതി മേഖലയിലും ആവാസമേഖലയിലും ഖനനബാധിത പ്രദേശങ്ങളിലെ ജനങ്ങളുടെ ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക കാര്യങ്ങളിലും ഖനനകാലയളവിലും അതിനുശേഷവും ഉണ്ടാകാവുന്ന പ്രതികൂലമായ ആഘാതങ്ങളെ കുറയ്ക്കുകയോ പരിഹരിക്കുകയോ ചെയ്യുക തുടങ്ങിയവയാണ്. ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയ പ്രസ്തുത ഫൗണ്ടേഷന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ലായെന്ന് സമിതി വിലയിരുത്തുന്നു.

കെട്ടിക്കിടക്കുന്ന വെള്ളവും ക്വാറികൾക്ക് സമീപത്തുള്ള തോടുകളിലേയ്ക്കും കിണറുകളിലേക്കും ഒഴുകിയെത്തുന്ന വെള്ളവും വാട്ടർ അതോറിറ്റി പരിശോധനാവിധേയമാക്കിയിട്ടില്ലെന്ന് തെളിവെടുപ്പ് യോഗത്തിൽ വെളിവാക്കപ്പെട്ടു. ഇത് കേരളത്തിൽ ജലജന്യ രോഗങ്ങൾ കൂടുതലാകാൻ കാരണമാകുന്നുവെന്നും ആയതിനാൽ ഇത്തരം പ്രദേശങ്ങളിലെ ജലശുദ്ധി പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നും, ക്വാറികളിലെ ജലം ഉപയോഗയോഗ്യമല്ലെങ്കിൽ അത് ഉപയോഗിക്കാൻ പാടില്ല എന്നുള്ള പ്രചരണം പഞ്ചായത്തുകളും ബന്ധപ്പെട്ട വകുപ്പുകളും നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

കേരളത്തിലെ പാറക്വാറികളിൽ നിന്നും പാറഖനനം ചെയ്യുന്നത് ഇപ്പോഴും പ്രാകൃത രീതിയിലാണെന്നും ഇത്തരം രീതി ഉപയോഗിക്കുന്നത് അപ്രായോഗികമാണെന്ന് സമിതി നിരീക്ഷിക്കുന്നു. അമോണിയം നൈട്രേറ്റ് പോലെയുള്ള അപകടകാരികളായ രാസവസ്തുക്കൾ ഇപ്പോഴും ഉപയോഗിക്കുന്നതായും സമിതി കണ്ടെത്തി. യൂറോപ്യൻ രാജ്യങ്ങളിൽ പാറ, പൊട്ടിച്ചെടുക്കുന്ന രീതി ഉപേക്ഷിച്ച് അവർ തീരെ വേസ്റ്റേജ് ഇല്ലാത്ത രീതിയിൽ പാറ മുറിച്ചെടുക്കുകയോ കീറി എടുക്കുകയോ ആണ് ചെയ്യുന്നത്. നോൺ ഇലക്ട്രിക് ടെക്നോളജി ഉപയോഗിച്ച് പാറപൊട്ടിച്ചാൽ വൈബ്രേഷൻ കുറയ്ക്കാൻ സാധിക്കുമെന്നതിനാൽ മണ്ണ് കൂടുതൽ ഇളകാതിരിക്കാനും മണ്ണൊലിപ്പും ഉരുൾപൊട്ടലും ഉണ്ടാകാതെ തടയാനും ശബ്ദമലിനീകരണം കുറയ്ക്കാനും കഴിയുമെന്നും എന്നാൽ പാറലോബികൾ ചെലവ് കുറഞ്ഞരീതി ഉപയോഗിക്കുന്നതാണ് പൊതുസമൂഹത്തിന്റെ എതിർപ്പ് വിളിച്ചുവരുത്തുന്നതെന്നും ഇത് പരിശോധിക്കുന്നതിന് റഗുലർ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തിയാൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരാൻ സാധിക്കുന്നതാണ്. നിലവിലെ ചട്ടങ്ങളും നിയമങ്ങളും കാലോചിതമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ഏതെല്ലാം രീതിയിൽ സർക്കാർ വകുപ്പുകളെ ശക്തിപ്പെടുത്താൻ സാധിക്കുമെന്നുള്ളത് പരിശോധിക്കേണ്ടതാണ്.

അനധികൃത ഖനന പ്രവർത്തനത്തിനെതിരെയും നിയമലംഘനത്തിനെതിരെയും മൈനിംഗ് & ജിയോളജി വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയാത്തത് വകുപ്പിലെ പരിശോധനാ സംവിധാനങ്ങളുടെ അപര്യാപ്തതകൊണ്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിന്റെ പാരിസ്ഥിതിക ഘടനയെ ഗുരുതരമായി ബാധിക്കുന്ന ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ പോലീസിനും റവന്യൂ വകുപ്പിനും അധികാരം ഉണ്ടായിരിക്കെ പ്രസ്തുത വകുപ്പുകളുടെ അലംഭാവത്തെ ഗൗരവമായി കാണേണ്ടതാണ്. മൈനിംഗ് & ജിയോളജി വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് വകുപ്പിനെ ശക്തമാക്കേണ്ടതുണ്ട്.

ക്വാറി, ക്രഷർ പ്രവർത്തനങ്ങൾക്കെതിരെ സാധാരണ ജനങ്ങളിൽ നിന്നും ഉയർന്നുവരുന്ന പരാതികൾ പലപ്പോഴും കേരളത്തിന്റെ പരിസ്ഥിതിയെ കാര്യമായി ബാധിക്കുന്ന വിഷയമാകണമെന്നില്ല. സാധാരണ ജനങ്ങളുടെ ജീവിതത്തെ അടിയന്തരമായി ബാധിക്കുന്ന വിഷയങ്ങൾക്കെതിരെയാണ് അവർ പരാതി നൽകുന്നത്. ക്വാറിയുടെ പ്രവർത്തനം മൂലമുള്ള കൃഷിനാശം,ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഈ സാഹചര്യങ്ങളിൽ നാശനഷ്ടത്തിനിരയാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ക്വാറി ഉടമകളിൽ നിന്ന് ഈടാക്കി നൽകേണ്ടതുണ്ട്.

കേരളത്തിലെ അനധികൃത പാറക്വാറികളുടെ പ്രവർത്തനങ്ങൾക്കെതിരെ സർക്കാർ നിയമ നടപടി സ്വീകരിക്കാൻ ഇടയായ സാഹചര്യങ്ങൾ സമിതി പരിശോധിക്കുകയുണ്ടായി. സമിതി പരിശോധിച്ച 140 കേസ്സുകളിൽ അമ്പതോളം കേസ്സുകളിൽ സർക്കാർ പരാജയപ്പെട്ടതായാണ് കണ്ടത്. ഇത് നിലവിലുള്ള നിയമ സംവിധാനത്തിന്റെ പരാജയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രകൃതി സൗഹൃദമായി ഖനന പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായ നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

പാറയുടെ ഏറ്റവും വലിയ ഉപഭോക്താക്കൾ സർക്കാർ തന്നെയാണെന്നാണ് മൈനിംഗ് & ജിയോളജി വകുപ്പ് സമിതിയെ അറിയിച്ചത്. സർക്കാർ വക നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് റോഡുകളുടെ നിർമ്മാണത്തിനാണ് പാറ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് എന്ന് തെളിവെടുപ്പ് യോഗത്തിൽ വെളിവാക്കപ്പെട്ടു. എന്നാൽ റോഡുകളുടെ നിർമ്മാണത്തിന് അനാവശ്യമായി പാറ ഉപയോഗിക്കാതെ പാറ പുനരുപയോഗം നടത്തുന്നുണ്ടെന്ന പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ അഭിപ്രായം പ്രതീക്ഷ നൽകുന്നതാണ്. നിർമ്മാണസാധനങ്ങൾ പുനരുപയോഗം നടത്തുന്നത് കെട്ടിടങ്ങളുടെ ഉറപ്പിനെ ബാധിക്കുമെന്നും അതിനാൽ അത് പ്രായോഗികമല്ലെന്നും എന്നാൽ തറ കോൺക്രീറ്റ് ചെയ്യുന്നതിന് ഇത് തടസ്സമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. റോഡ് ടാർ ചെയ്തതിന്ശേഷം വെട്ടിപ്പൊളിക്കുന്ന രീതിക്ക് പകരം വിദേശ രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ പുഷ്ത്രൂ മെത്തേഡ് ഉപയോഗിക്കാനാകണം. റെഡ്യൂസ് യൂസ്, റീ-യൂസ്, റീ-സൈക്ലിംഗ് എന്ന ആശയത്തിലേക്ക് നിർമ്മാണം മാറി വരണം. റോഡിലുള്ള മെറ്റീരിയൽസ് റീ-യൂസ് ചെയ്ത് ടാർ ചെയ്യുന്ന സാങ്കേതികവിദ്യ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഈ സാങ്കേതികവിദ്യക്ക് പ്രാഥമിക ചെലവ് കൂടുതലാണെങ്കിലും കൂടുതലായി ഉപയോഗിച്ചാൽ ചെലവ് കുറയ്ക്കാൻ കഴിയും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം പുതിയ രീതികൾ അവലംബിക്കാനാകും എന്നത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. നിയമാനുസൃതമല്ലാത്ത പാറ ഖനനത്തിനെതിരെ ശക്തമായ സർക്കാർ ഇടപെടൽ ഉണ്ടാകുമ്പോൾ പാറ ഖനനവും ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനവും നിർത്തി വച്ച് പാറയ്ക്ക് കൃത്രിമക്ഷാമം ഉണ്ടാക്കാൻ പാറ ലോബികൾ ശ്രമിച്ചുവരുന്നു. പാറ ലോബികളുടെ ഇത്തരം സമ്മർദ്ദ തന്ത്രങ്ങൾ നേരിടുന്നതിനും പാറയുടെയും പാറ ഉൽപ്പന്നങ്ങളുടെയും കൃത്രിമ ക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ സഹായത്തോടെ ഖനന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

നിലവിലെ ക്വാറികളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള അകലം 50 മീറ്റർ ആണ്. എന്നാൽ 200-300 മീറ്റർ അകലെയാണെങ്കിൽപോലും ക്വാറിയുണ്ടാക്കുന്ന ആഘാതത്തിൽ നിന്നും മുക്തമാകാൻ കഴിയില്ല. ആയതിനാൽ ക്വാറികളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരപരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്.

**ശിപാർശകൾ**

1. ദേശീയ ഹരിത ട്രൈബ്യൂണൽ, ബഹു. സുപ്രീംകോടതി എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പാറ ക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം ശാസ്ത്രീയമായും നിയമവിധേയമായും പ്രകൃതി സൗഹൃദമായും നടപ്പാക്കാൻ കഴിയുന്നവിധം സമഗ്രമായ ഒരു സംസ്ഥാന ഖനന നയം ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. 2012-ലെ ദീപക് കുമാർ vs. സ്റ്റേറ്റ് ഓഫ് ഹരിയാന എന്ന കേസ്സിൽ ബഹു. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 2015-ൽ ഭേദഗതി വരുത്തിയ കേരള മൈൻസ് & മിനറൽസ് കൺസർവേഷൻ ചട്ടം കൃത്യമായി നടപ്പിൽ വരുത്തണമെന്നും ആയത് പ്രകാരം പ്രവർത്തിക്കുന്ന 723 ക്വാറികൾക്കല്ലാതെ മറ്റൊരു ക്വാറിക്കും കേരളത്തിൽ പ്രവർത്തനാനുമതി നൽകരുതെന്നും പ്രസ്തുത ക്വാറികൾപോലും ചട്ടം ലംഘിക്കുകയാണെങ്കിൽ പ്രവർത്തന അനുമതി റദ്ദാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. ക്വാറി ലൈസൻസ് ഒരു വ്യക്തിക്ക് അനുവദിക്കുന്നതിന് പകരം ക്വാറികൾ പൊതുഉടമസ്ഥതയിൽ/സർക്കാർ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. പാറപ്പൊട്ടിച്ച് മാറ്റുമ്പോഴും മണ്ണെടുക്കുമ്പോഴും മണ്ണ് നിക്ഷേപിക്കുമ്പോഴും ഇത്തരം പ്രവർത്തനങ്ങൾ ജലസ്രോതസ്സുകളെ എപ്രകാരം ബാധിക്കുന്നു എന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഖനന പ്രവർത്തനങ്ങൾ മണ്ണിന്റെ ഘടനാപരമായ മാറ്റങ്ങൾക്കും സോയിൽ പൈപ്പിംഗ് പോലുള്ള പ്രതിഭാസങ്ങൾക്കും കാരണമാകുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഖനന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ/നാശനഷ്ടങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള സെക്യൂരിറ്റി തുക പെർമിറ്റ് നൽകുമ്പോൾ തന്നെ ഉടമകളിൽ നിന്നും ഈടാക്കുന്നതിന് വ്യവസ്ഥചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ക്വാറി/ക്രഷർ എന്നിവയുടെ പ്രവർത്തനങ്ങൾമൂലം നാശനഷ്ടത്തിനിരയാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ക്വാറി ഉടമകളിൽനിന്ന് ഈടാക്കി നൽകണമെന്നും ഇക്കാര്യം നിയമം വഴി വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. അനധികൃത ഖനനം നടത്തിയെടുക്കുന്ന കരിങ്കല്ലിന് പരസ്യ വിപണിക്ക് തുല്യമായ പെനാൽറ്റി ഈടാക്കുവാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള രീതിയിലുള്ള റോഡുകളുടെ നിർമ്മാണത്തിലൂടെയും (അറ്റകുറ്റപ്പണി കുറഞ്ഞ റോഡുകൾ - തുടരെ തുടരെ topping ആവശ്യമില്ലാത്തവ) പാറയുൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ പുനഃരുപയോഗം മുതലായവയിലൂടെയും കരിങ്കലിന്റെ ഉപഭോഗം കുറയ്ക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ക്വാറികളുടേയും ക്രഷറുകളുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും റവന്യൂ വരുമാനത്തിലെ ചോർച്ച തടയുന്നതിനുമായി നൂതന സാങ്കേതിക വിദ്യകളായ ഡ്രോൺ മാപ്പിംഗ്, GPS(GPS Based vehicle movement tracking) എന്നിവ പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഖനനം നടക്കുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനംമൂലം സമീപപ്രദേശങ്ങളിലുള്ള മണ്ണിന് ഇളക്കം തട്ടുമെന്നതിന് തർക്കമൊന്നുമില്ലായെങ്കിലും ക്വാറികളുടെ പ്രവർത്തനം കേരളത്തിൽ ഉരുൾപൊട്ടലിന് കാരണമാകുന്നുണ്ടോ എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്നിവപോലെ ജിയോളജിയിൽ വൈദഗ്ധ്യമുള്ള ഒരു ഏജൻസി വഴി പഠന വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഫണ്ട് പ്രകാരമുള്ള സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. സമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടന്നിരുന്നുവെങ്കിൽ ക്വാറികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വലിയ ഒരളവ് വരെ പരിഹരിക്കാമായിരുന്നു. ആയതിനാൽ പ്രസ്തുത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. പാറ പൊട്ടിക്കുന്നതിന് അമോണിയം നൈട്രേറ്റ് പോലുള്ള രാസ വസ്തുക്കൾ ഉപയോഗിക്കുന്ന രീതി ഉപേക്ഷിക്കണമെന്നും ബ്ലേഡ് കട്ടിംഗ് , നോൺ ഇലക്ട്രിക്കൽ രീതി എന്നിവ സ്വീകരിക്കണമെന്നും ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും പാറപൊട്ടിക്കാൻ നോൺ ഇലക്ട്രിക് ടെക്നോളജി (Nonel) ഉപയോഗിക്കാത്ത ക്വാറികളുടെ ലൈസൻസ് റദ്ദാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. സുരക്ഷ സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി (കേന്ദ്ര സർക്കാർ) നിഷ്കർഷിക്കുന്ന നിയന്ത്രണങ്ങൾ ക്വാറി ഉടമ പാലിക്കേണ്ടതുണ്ട്. ആയതിന് നിർദ്ദിഷ്ട യോഗ്യതയുള്ള മൈൻസ് മാനേജർ, ബ്ലാസ്റ്റ്സ്മാൻ എന്നിവരെ നിയമിക്കേണ്ടതുണ്ട്. കേരളത്തിൽ ഒരു കോളേജോ പോളിടെക്നിക്കോ മൈനിങ് എൻജിനീയറിങ്ങിൽ കോഴ്സുകൾ നടത്തുന്നില്ല. ഇക്കാര്യം പരിശോധിക്കണമെന്നും യോഗ്യതയുള്ള മൈൻസ് മാനേജർ, ബ്ലാസ്റ്റ്സ്മാൻ എന്നിവരുടെ സേവനം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ സർവ്വേയറോ സർവ്വേയ്ക്കുള്ള നൂതന സാങ്കേതിക വിദ്യകളോ ആവശ്യമായ ജീവനക്കാരോ ഇല്ലാത്തതിനാൽ ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പാറയുടെ ഉപയോഗം പരമാവധി കുറയ്ക്കാൻ പാറ പുനഃരുപയോഗം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതിയ രീതികൾ അവലംബിക്കുന്ന കാര്യത്തിൽ സമഗ്രമായ സാധ്യതാപഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ക്വാറികളും ജനവാസകേന്ദ്രവുമായുള്ള ദൂരപരിധി ഇരുന്നൂറ് മീറ്ററായി വർദ്ധിപ്പിക്കണമെന്നും പാറ ഖനനത്തിന് അനുമതി നൽകുമ്പോൾ അനുമതി പത്രത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രാദേശിക തലത്തിൽ ജനപ്രതിനിധികളും പൊതുപ്രവർത്തകരും വകുപ്പുതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ഖനനാനന്തരം ഉപേക്ഷിക്കപ്പെടുന്ന ക്വാറി പ്രദേശം വ്യവസ്ഥയനുസരിച്ച് പരിപാലിച്ച് സംരക്ഷിക്കപ്പെടുന്നില്ല എങ്കിൽ ബന്ധപ്പെട്ട ക്വാറി ലൈസൻസിയിൽ നിന്ന് പിഴ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ക്വാറികളുടെ ജലത്തിന്റെ ഗുണനിലവാര പരിശോധന കാര്യക്ഷമമായി നടത്തണമെന്നും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ ആവശ്യങ്ങൾക്കുമാത്രമേ ജലം ഉപയോഗിക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

19. ഉപേക്ഷിക്കപ്പെടുന്ന ക്വാറികളിലെ ഗർത്തങ്ങളും കെട്ടിനിൽക്കുന്ന ജലവും അപകടങ്ങൾക്ക് കാരണമാകുന്നതായി വ്യാപകമായി പരാതി ഉയരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ഉപയോഗം എന്നിവയുടെ കാര്യത്തിൽ നീതിപൂർവ്വവും പരിസ്ഥിതി സൗഹൃദവുമായ ഒരു നയവും നിലപാടും സ്വീകരിക്കേണ്ടതുണ്ട്. ധൂർത്തിന്റേയും ആർഭാടത്തിന്റേതുമായ നിർമ്മാണ രീതികളെ പ്രോത്സാഹിപ്പിക്കാനാവില്ല. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന പാറയുടെ അളവ് ആവശ്യാധിഷ്ഠിതമായി നിശ്ചയിച്ച് നിയമം മൂലം വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. എല്ലാവർക്കും അവകാശപ്പെട്ട ഒരു പ്രകൃതി വിഭവമെന്ന നിലയിൽ പാറയ്ക്കും പാറ ഉത്പന്നങ്ങൾക്കും വിലനിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. റവന്യൂ ഭൂമിയിൽ പ്രവർത്തിക്കുന്ന പാറ ക്വാറികളുടെ കാര്യത്തിൽ ക്വാറികൾക്ക് അനുമതി നൽകുന്ന ഘട്ടത്തിൽ തന്നെ ഒരു നിശ്ചിത അളവ് പാറ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ സർക്കാരിനോ, നിശ്ചയിക്കുന്ന പ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കോ ലഭ്യമാക്കുവാൻ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. പരിമിതമായ ഒരു പ്രകൃതി വിഭവമെന്ന നിലയിൽ എല്ലാ ജനങ്ങൾക്കും മിതമായ നിരക്കിൽ പാറ ഉത്പന്നങ്ങൾ ലഭ്യമാക്കണമെന്നും പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗവും ധൂർത്തും നിയന്ത്രിക്കാനാവും വിധം കെട്ടിടനിർമ്മാണ രീതിയും ശൈലിയും നയവും പുനഃക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. പ്രകൃതി വിഭവങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നവിധം കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് വീടിന്റെ വിസ്തൃതി നിയന്ത്രിക്കണമെന്നും അനുവദനീയമായ പരിധിയിൽ കൂടുതൽ ഉള്ള വീടുകൾ നിർമ്മിക്കുന്നവരിൽ നിന്നും പാറവിലയോടൊപ്പം അധിക നികുതി ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. പ്രകൃതി വിഭവങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും അവകാശപ്പെട്ടതാണ്. ജീവിത ആവശ്യങ്ങൾക്കായി പ്രകൃതി വിഭവങ്ങൾ എല്ലാവർക്കും ലഭിക്കേണ്ടതുമാണ്. ആയതിനാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പ്രദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി സബ്സിഡി നിരക്കിൽ ഒരു നിശ്ചിത അളവ് പാറ അനുവദിക്കാൻ ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ക്വാറികൾക്ക് സമീപമുള്ള പൊതുസമൂഹത്തിന്റെ ആരോഗ്യ, മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട ഏജൻസികളുടെ കൂട്ടായതും ശക്തവുമായ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണമെന്നും ഇതിന് സർക്കാരും പ്രാദേശികഭരണ സംവിധാനങ്ങളും മുൻകൈ എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ഖനനം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകൾ സംയുക്തമായി ഒരു റഗുലർ മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. പാറഖനനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ ശരിയായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും പരാതി പരിഹാരത്തിനും റവന്യൂ, തദ്ദേശസ്വയംഭരണവകുപ്പുകൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. Corporate Environmental Responsibility ഇനത്തിൽ ക്വാറി ഉടമകളിൽ നിന്ന് ഈടാക്കുന്ന തുക നിലവിലെ 2%-ത്തിൽ നിന്ന് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. പരിസ്ഥിതി ക്ലിയറൻസിന്റെ കാലാവധി അഞ്ചു വർഷമെന്നത് കുറയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. പാറക്വാറികളുടെ പ്രവർത്തനം മൂലം പ്രദേശവാസികൾ ഉപയോഗിക്കുന്ന റോഡുകൾ നിരന്തരം കേടാകുന്നതിനാൽ അവ ക്വാറി ഉടമകളുടെ ചെലവിൽ സമയാസമയം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രാദേശിക റോഡുകൾക്ക് അനുയോജ്യമല്ലാത്ത വലിയ ടിപ്പർ ലോറികളിൽ അനുവദനീയമായതിൽ കൂടുതൽ ഭാരം കയറ്റിപോകുന്നത് നിയന്ത്രിക്കാൻ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. പാറക്വാറികളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന പൊടിപടലങ്ങൾ നിയന്ത്രിക്കുന്നതിന് ക്വാറികൾക്ക് ചുറ്റും ഷെൽട്ടർ ബൽറ്റുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 ജൂലൈ 21.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.